മുന്നണിപ്പട

നമ്പർ 7 ഒക് ടോബർ-നവമ്പർ 1993 വില 2 രൂപ



40,000 മനുഷ്യരെ
കൊന്നുതിന്ന
സവർണ്ണഫാസിസ്റ്റ്
ഭരണകൂടത്തെ
തകർത്തെറിയുക !

ആത്മാഭിമാനമുള്ള
സമൂഹത്തെ
പടുത്തുയർത്തുക !

മറാത്ത്വാഡയിൽ ദാരുണമായ അന്ത്യത്തിനിരയായ പിഞ്ചോമനകളുടെ,
സഹോദരി-സഹോദരൻമാരുടെ സ്മരണക്കുമുമ്പിൽ ദുഃഖത്തെ ശക്തിയാക്കി മാറ്റുക

മറാത്ത്‌വാഡ കൂട്ടക്കുരുതി....

1993 സെപ്തമ്പർ 3, ഇന്ത്യയിലെ സവർണ ഫാസിസ്റ്റ് ഭരണകൂടത്തിൻെറ, അധ്വാനിക്കുന്ന ജനവിഭാഗത്തോട് കൂറില്ലായ്മയിൽനിന്നുമുള്ള അലസതയുടേയും അലംഭാവത്തിൻെറയും ഭീകരമുഖം അനാവരണം ചെയ്യപ്പെട്ട ദിവസമാണ്. മഹാരാഷ്ട്രയിലുണ്ടായ ഭൂമികുലുക്കത്തിൽ 40,000ത്തോളം മനുഷ്യജീവൻ നഷ്ടമായിട്ടുണ്ടെന്ന് ഇതു കുറിക്കുമ്പോൾ കിട്ടിയ റിപ്പോർട്ടുകൾ പറയുന്നു. മറാത്ത്‌വാഡ ജില്ലയിൽ മികച്ച വിളവുകൾ ഉണ്ടായിട്ടും അത് കൊയ്തെടുക്കാൻ ഒരാൾ പോലും അവശേഷിക്കുന്നില്ലത്രെ! ഇത്രയും വലിയൊരു ദുരന്തം ഒഴിവാക്കാൻ കഴിയുമായിരുന്നില്ലെ? ലഘൂകരിക്കാനെങ്കിലും....? എന്നാണ് ഞങ്ങൾക്കു ചോദിക്കുവാനുള്ളത്.

പ്രകൃതിയെ മനസ്സിലാക്കി അതിനെ മെരുക്കിയെടുക്കുന്നതിലും മാറ്റിത്തീർക്കുന്നതിലും മനുഷ്യൻെറ ശാസ്ത്രീയ ഗവേഷണ-പരീക്ഷണ ബുദ്ധിക്ക് മഹത്തായ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൂചലനങ്ങളെ മുൻകൂട്ടി കണ്ടറിയാനും കരുതൽ നടപടി സ്വീകരിക്കുവാനും ഈ ശാസ്ത്രീയ വികാസത്തെ ഉപയോഗിക്കാൻ കഴിയാതെ പോയി എന്ന സത്യം, ദുരന്തത്തിൻെറ കാഠിന്യത്തെ പതിൻമടങ്ങ് വർദ്ധിപ്പിച്ചിരിക്കുന്നു. ഭൂകമ്പത്തിൻെറ ഫലമായി മറാത്ത്‌വാഡ ജില്ലയിലെ 50 ലേറെ ഗ്രാമങ്ങൾ ഉഴുതുമറിച്ച നിലയിലാക്കപ്പെടുകയും മനുഷ്യജീവൻ ആകത്തന്നെ അതിദാരുണമാംവിധം കുഴിച്ചുമൂടപ്പെടുകയും ചെയ്തപ്പോൾ യാതൊരു ഭാവവ്യത്യാസവും കൂടാതെ ബോംബെയിലെയും മറ്റും, ഭൗമശാസ്ത്രജ്ഞൻമാർ തങ്ങളുടെ അമ്പരപ്പിനെപ്പറ്റി വാചാലമാകുന്നതിനെയും മറ്റുമാണ് നാം ദൂരദർശനിലൂടെ ആദ്യദിവസം കണ്ടത്! സ്വന്തം ഗവേഷണ കേന്ദ്രങ്ങളെപ്പറ്റി പരാതിപറയാനും അവരിൽ ചിലരെങ്കിലും തയ്യാറായത് നന്നായി! ഇന്നവർ ഭൂചലനകാരണങ്ങളെപ്പറ്റിയുള്ള തർക്കവിതർക്കങ്ങളുടെ കോലാഹലം ഉയർത്തി ജീവിച്ചിരിക്കുന്നവരെ നോക്കി കൊഞ്ഞനം കുത്തുകയാണ്.

ഭരണാധിപൻമാരാകട്ടെ തങ്ങൾക്കുണ്ടായ ഞെട്ടലുകളെക്കുറിച്ചുള്ള പതിവു പ്രസ്താവനകളുടെ പുകമറ സൃഷ്ടിച്ചുകൊണ്ട് രക്ഷനേടുകയാണുണ്ടായത്. മറാത്ത്‌വാഡയ്ക്കുപുറത്ത് ജീവിച്ചിരിക്കുന്ന മനുഷ്യരാകട്ടെ അമ്പരപ്പൊ ഞെട്ടലൊ കൂടാതെ ജീവച്ഛവങ്ങളെപ്പോലെ ഇതെല്ലാം കണ്ടും കേട്ടും ബോധ്യപ്പെടാൻ വിധിക്കപ്പെട്ടവരെപ്പോലെയുമായിരുന്നു. മറാത്ത്‌വാഡ ജില്ലയിലുണ്ടായ ശക്തമായ ഭൂകമ്പത്തിൻെറ വ്യാപ്തി (കേരളത്തിൽ ചങ്ങനാശ്ശേരിയിലെ കുഗ്രാമമായ പൂവത്തുപോലും അനുഭവപ്പെട്ടിട്ടും) എത്രയായിരുന്നുവെന്ന് ഭൗമഗവേഷണകേന്ദ്രങ്ങൾ ശരിയായവിധം രേഖപ്പെടുത്തിയിട്ടില്ല എന്നറിയുമ്പോൾ പൊതുജനങ്ങളുടെ നികുതിക്കാശിൽനിന്ന് കോടികൾ മുടക്കി സ്ഥാപിച്ചിട്ടുള്ള ഈ ഗവേഷണകേന്ദ്രങ്ങൾ ഇന്നത്തെ ദുരന്തത്തിനുമുന്നിൽ കേവലം അലങ്കാരസ്തൂപങ്ങൾ മാത്രമായി അവശേഷിക്കുകയായിരുന്നില്ലെ? മനുഷ്യരാശിക്കുപയോഗപ്പെടാത്ത ഈ അലങ്കാരസ്ഥാപനത്തിൻെറ ആവശ്യം പിന്നെ എന്തിനാണ്? ആരാണിതിന്ന് ഉത്തരം കണ്ടെത്തേണ്ടത്? പൊതുജനങ്ങളൊ? അതൊ, കഠിനാധ്വാനം ചെയ്തിട്ട്, വരവും ചിലവും കൂട്ടിമുട്ടിക്കാൻ സാധാരണക്കാരൻ തത്രപ്പെടുമ്പോൾ അവരുടെ സമ്പാദ്യത്തിൽനിന്നും നാലക്കത്തിൽ കുറയാതെ ശമ്പളം പറ്റുന്ന സമൂഹത്തിൻെറ ഉന്നതശ്രേണിയിൽ വിഹരിക്കുന്ന ശാസ്ത്രജ്ഞൻമാരൊ? ഗവേഷണ കേന്ദ്രങ്ങളുടെ പരിമിതികളെപ്പറ്റി ഭരണാധിപൻമാരുടെ ശ്രദ്ധയിൽ മുൻകൂറായി പെടുത്തിയിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാൻ കഴിയാതെ പോയതെന്തുകൊണ്ട്? ഇത്തരം പ്രസക്തമായ ചോദ്യങ്ങൾക്കുത്തരം കണ്ടേമതിയാകു.

മറാത്ത്‌വാഡയടക്കമുള്ള മഹാരാഷ്ട്രയിലെ പല പ്രദേശങ്ങളും അപകടമേഖലയാണെന്ന് ബന്ധപ്പെട്ടവർ സർക്കാരിൻെറ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടെന്ന റിപ്പോർട്ടുകളും ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്നു. ചുരുങ്ങിയത് 2000ത്തോളം ഭൂചലനങ്ങൾ മറാത്ത്‌വാഡ പ്രദേശത്തുമാത്രം കഴിഞ്ഞ ഒരു വർഷത്തിനകത്ത് നടന്നതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടത്രെ! അതായത്, ഈ പ്രദേശത്ത് ഏതു സന്ദർഭത്തിലും സംഭവിക്കാവുന്ന ഭീകരമായ വിസ്ഫോടനത്തെക്കുറിച്ചുള്ള മുൻസൂചനയാണിതെന്ന് സാമാന്യബുദ്ധിയുള്ളവർക്കെല്ലാം മനസ്സിലാക്കാവുന്നതാണ്. അവഗണിക്കാനാകാത്ത ഇത്തരം താക്കീതുകൾ നൽകപ്പെട്ടിട്ടും യാതൊരു കരുതലും ഭരണകൂടത്തിൻെറ ഭാഗത്തുനിന്നുണ്ടായിട്ടില്ല എന്നത് സാധാരണ ജനങ്ങളോട് കൂറില്ലായ്മയിൽ നിന്നുമുള്ള കുറ്റകരമായ അനാസ്ഥയല്ലാതെ മറ്റൊന്നുമല്ല. തങ്ങൾക്ക് നഷ്ടമായ വോട്ടുകളെ ഓർത്തുള്ള ഞെട്ടലുകൾ മാത്രമാണ് മന്ത്രിപുംഗവൻമാർക്കുണ്ടായതെന്ന് പറയേണ്ടിയിരിക്കുന്നു. "തൻെറ കാലത്തല്ല ഇത്തരം സൂചനകൾ നൽകപ്പെട്ടിട്ടുള്ളതെന്ന് തികഞ്ഞ ലാഘവത്തോടെ പറഞ്ഞു തടിതപ്പാനാണ് ഇന്നത്തെ മഹാരാഷ്ട്ര മുഖ്യമന്ത്രി ശ്രമിച്ചിട്ടുള്ളത്. ദുരന്തത്തിൻെറ ഉത്തരവാദിത്തം എല്ലാവരും പരസ്പരം വെച്ചുകെട്ടാനാണ് ശ്രമിക്കുന്നത്. മറ്റൊന്നുകൂടി പറയുന്നതുകേട്ടു : വിനാശം, വിതക്കപ്പെട്ട ഓസ്മാനാബാദിലെ നിവാസികളോട് മാറിത്താമസിക്കാൻ പറഞ്ഞിട്ടും അവരതിന് വിസമ്മതിക്കുകയായിരുന്നുവത്രെ?" "ഒഴിഞ്ഞു പോകാൻ സമ്മതമില്ലെന്ന് എഴുതിത്തന്നാൽ ഞങ്ങളെന്തു ചെയ്യാനാണ്" എന്ന് മുഖ്യമന്ത്രി ശരത്പവാർ ചോദിക്കുന്നു! എന്തുമാത്രം ഉത്തരവാദിത്വം! ഒഴിഞ്ഞു പോകാൻ പറഞ്ഞതിനും നിഷേധിച്ച് എഴുതികൊടുത്തതിനും രണ്ടുസാക്ഷികൾ മാത്രമാണുള്ളത്. ഒന്ന് ജീവനോടെ കുഴിച്ചുമൂടപ്പെട്ട് ഇന്ന് ചീഞ്ഞളിഞ്ഞും ചാമ്പലായും പോയവർ. മറ്റൊന്ന് നിരുത്തരവാദപരമായ പ്രസ്താവനകളിറക്കി സ്വന്തം സ്ഥിതി സുരക്ഷിതമാക്കിയിട്ടുള്ള ഭരണാധിപൻമാർ!

"പറഞ്ഞു, കേട്ടില്ല, എന്തു ചെയ്യാൻ" എന്ന് കൈമലർത്തുന്നതുകൊണ്ടുമാത്രം സമൂഹത്തെ തൃപ്തിപ്പെടുത്താൻ കഴിയില്ലെന്നു ചിന്തിക്കാൻ പോലും, ഇവൻമാരുടെയൊക്കെ ധിക്കാരവും ജനങ്ങളോടുള്ള പുച്ഛവും, അവരെ കഴിവില്ലാത്തവരാക്കിയിരിക്കുകയാണ്. നിസ്സഹായരായ മനുഷ്യരെ കൂട്ടത്തോടെ മരണത്തിൻെറ വായിലേക്കെറിഞ്ഞുകൊടുത്തിട്ട് ഇന്ന് മറ്റുള്ളവരുടെ ബുദ്ധിയെ ചോദ്യം ചെയ്യുന്നവിധം ഞഞ്ഞാമിഞ്ഞ പറയുന്നതോ, അതൊ പ്രകൃതി ക്ഷോഭമോ ഏതാണ് ഭീകരം? "നരഭോജി"

...സാമൂഹ്യ വ്യവസ്ഥയുടെ സൃഷ്ടി

എന്ന വിശേഷണം ഭൂമികുലുക്കത്തിനല്ല, മറിച്ച് സാധാരണ ജനങ്ങളോട് തിരഞ്ഞെടുപ്പുവേളകളിലല്ലാതെ മറ്റൊരു സന്ദർഭത്തിലും പരിഗണന കാണിക്കാത്ത ഭരണക്കാർക്കാണ് ഏറെ അർഹമായിട്ടുള്ളത്. പഞ്ചാബിലും കാശ്മീരിലുമൊക്കെ ഇതവർ തെളിയിച്ചതുമാണ്.

ഭൂഗർഭത്തിലുണ്ടാകുന്ന മർദ്ദങ്ങൾ, എന്തു കാരണംകൊണ്ടായാലും, ജന്തുജാലങ്ങളിൽ വളരെപ്പെട്ടെന്ന് അസ്വാസ്ഥ്യങ്ങൾ ഉണ്ടാക്കുന്നു എന്ന് നമ്മുടെ പഴയ കർഷകർ അനുഭവങ്ങളിൽനിന്ന് പറയാറുണ്ട്. പഴയ കാലങ്ങളിൽ കാട്ടുപന്നികളിലുംമറ്റും കാണാനിടയാകുന്ന പെരുമാറ്റ വ്യത്യാസങ്ങൾ കണ്ടുകൊണ്ട് അവർ കാലാവസ്ഥയിലുണ്ടായേക്കാവുന്ന മാറ്റങ്ങളെപ്പറ്റിപ്പോലും പ്രവചിക്കുമായിരുന്നു. ഉറുമ്പുകൾ അസാധാരണമായി കൂട്ടംക്കൂട്ടമായി ഇളകിവശാകുന്നത് കണ്ടാൽ അന്തരീക്ഷത്തിലുണ്ടാകാനിടയുള്ള മാറ്റത്തെപ്പറ്റി നമുക്കിന്ന് പറയാൻ കഴിയും. എല്ലാ നാടുകളിലും പരമ്പരാഗതമായ അനുഭവങ്ങളിലൂടെ ആർജിച്ചിട്ടുള്ള ഇത്തരം ബോധങ്ങൾ നിലനിൽക്കുന്നതായി കാണാൻ കഴിയുന്നതാണ്.

ചൈനയിൽ ശക്തമായ ഭൂമികുലുക്കം കാരണം ഉണ്ടാകുമായിരുന്ന അതിഭീകരമായൊരു വിനാശത്തിന്റെ കാഠിന്യത്തെ 1976ൽ ചൈനക്കാർക്ക് കുറയ്ക്കാൻ കഴിഞ്ഞത് ഇത്തരം ബോധത്തേയും നവീനമായ ശാസ്ത്രീയ അറിവിനേയും സമന്വയിപ്പിച്ചുകൊണ്ടുള്ള നടപടികളിലൂടെ ആയിരുന്നു. ജനങ്ങളുടെ തലവിധിയെ പ്രകൃതിക്കും ബ്യൂറോക്രസിക്കും എറിഞ്ഞുകൊടുക്കുകയായിരുന്നില്ല അവിടുത്തെ നേതൃത്വം ചെയ്തത്. അവിടെ കന്നുകാലികളിലും ജലാശയങ്ങളിലെ മൽസ്യങ്ങളിലും, പക്ഷികളിലും, ഉരഗങ്ങളിലും ഉണ്ടായ ചേഷ്ടാവ്യത്യാസങ്ങളെ കണ്ടറിഞ്ഞ് മുൻകൂട്ടി കരുതൽ നടപടികൾ സ്വീകരിക്കാൻ ഒരു സമൂഹമാകെ പരിശീലിപ്പിക്കപ്പെടുകയായിരുന്നു. മാവോ സേതൂങ്ങിന്റെ ചൈന അങ്ങിനെ തികഞ്ഞ ജനകീയ പങ്കാളിത്തത്തോടെയാണ് ഭൂകമ്പം പോലുള്ള പ്രകൃതിക്ഷോഭത്തിൽനിന്ന് രക്ഷനേടാൻ ശ്രമിച്ചത്.

ഇത് കഴിയണമെങ്കിൽ നേതൃത്വങ്ങൾക്ക് ആദ്യം ഉണ്ടാകേണ്ടത് അധമ്യമായ സാമൂഹ്യപ്രതിബദ്ധതയാണ്. ഇവിടുത്തെ നേതൃത്വങ്ങൾക്കില്ലാതെപ്പോയിട്ടുള്ളതും അതൊന്നു മാത്രമാണല്ലൊ! (ഇന്നും ആണവനിലയങ്ങൾക്കുവേണ്ടി വാദിക്കുന്നവരുടെ സാമൂഹ്യബോധം ഹോ, കഷ്ടം തന്നെ!) കഠിനമായ നാശനഷ്ടങ്ങളുണ്ടായിട്ടും പരസഹായം നിഷേധിച്ചുകൊണ്ട് തികഞ്ഞ ജനകീയപങ്കാളിത്തത്തോടെ, ആത്മവിശ്വാസത്തോടെ ദുരിതങ്ങൾക്കാശ്വാസം കണ്ടെത്താൻ വളരെച്ചുരുങ്ങിയ നാളുകൾകൊണ്ടുതന്നെ അന്നത്തെ ചൈനീസ് സമൂഹത്തിന് കഴിഞ്ഞതും ഇന്ന് ഇവിടുത്തെ നേതൃത്വങ്ങൾക്കില്ലാത്ത ആ സാമൂഹ്യപ്രതിബദ്ധത ഒന്നുകൊണ്ടുമാത്രമായിരുന്നു. "പൊതുതാൽപ്പര്യത്തിനുവേണ്ടി സ്വന്തം താൽപ്പര്യം ബലികഴിക്കുക" എന്ന ഉയർന്ന കമ്മ്യൂണിസ്റ്റ് ബോധമാണ് ചൈനക്കാരെ സ്വന്തം കാലിൽ ആത്മാഭിമാനത്തോടെ നിൽക്കാൻ അന്ന് പ്രാപ്തരാക്കിയത്. "ഭൂമി പിളരട്ടെ, ആകാശം ഇടിയട്ടെ, കടലുകൾ ഉയരട്ടെ ഞങ്ങളതിനെ നേരിടും" എന്നു പാടിക്കൊണ്ട് അന്ന് മാവോയിസ്റ്റ് ചൈന ദുരന്തത്തെ നേരിട്ട രീതി ലോകത്തെ അമ്പരിപ്പിച്ചതായിരുന്നു.

ഇവിടെ നാം പരസഹായത്തിനുവേണ്ടി പുറംനാടുകളെനോക്കി കൈനീട്ടിക്കരയാൻ പരിശീലിപ്പിക്കപ്പെടുന്നു. എന്നിട്ടോ, ദുരിതശ്വാസപ്രവർത്തനങ്ങളുടെ വാചകമടികൾക്കിടയിലൂടെ കേൾക്കുന്നതെന്താണ്? ഒരു ഭാഗത്ത് വിതരണത്തിലുള്ള ക്രമക്കേടും അനാസ്ഥയും കാരണം ഭക്ഷണസാധനങ്ങൾ ചീഞ്ഞളിയുമ്പോൾ ആശുപത്രികളിൽ അവശേഷിച്ചിട്ടുള്ളവർക്ക് "ഒരു ദിവസത്തിന് ഒരു മൊസാമ്പിനാരങ്ങകൊണ്ട് വിശപ്പടക്കേണ്ടി വരുന്നു" എന്ന ഞെട്ടിപ്പിക്കുന്ന വാർത്തയാണ്. ലോറിക്കണക്കിന് പഴച്ചാറുകൾ ആവശ്യക്കാർക്കെത്താതെ വഴിമാറിപ്പോകുന്നു. കക്ഷിരാഷ്ട്രീയവും ജാതിയും, അഴിമതിയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നു. ആകാശത്തിലൂടെ പറന്നുയരുന്ന മന്ത്രിശ്രേഷ്ഠൻമാരെനോക്കി ഇരുകയ്യുകളും മലർത്തിയ രൂപത്തിൽ ഉയർത്തിപ്പിടിച്ച് തേങ്ങാൻ ജീവിച്ചിരിക്കേണ്ടിവന്നവർ നിർബന്ധിക്കപ്പെട്ടിരിക്കുന്നു!

മനുഷ്യരെ വിനാശത്തിന്റെ ഭീകരതക്കുമുമ്പിൽ നിസ്സഹായരായി വലിച്ചെറിയുക എന്നിട്ട് അവരുടെ പിച്ചപ്പാത്രത്തിൽ കയ്യിട്ടുവാരുക അവഗണനയോടെ വിഹരിക്കുക. ഹോ എത്ര സൗന്ദര്യമുള്ള മനുഷ്യൻ! എത്ര ശാദ്വലമായ സംസ്കാരം! ഇത്രയുംകാലം ഇവിടെ പടുത്തുയർത്തപ്പെട്ട സാമൂഹ്യ വ്യവസ്ഥിതിയിൽനിന്ന് ഇതിലും കൂടുതൽ മറ്റെന്താണ് പ്രതീക്ഷിക്കാൻ കഴിയുക?

ഇവിടത്തെ സവർണ്ണ ഫാസിസിസ്റ്റ് ഭരണകൂടം ദുഃഖത്തിന്റേയും ദുരിതത്തിന്റേയും മാത്രമല്ല പ്രകൃതിക്ഷോഭങ്ങളുടേയും മുമ്പിൽ മനുഷ്യരെ നിസ്സഹായരായ അഭിമാനബോധമില്ലാത്ത ഒരു കൂട്ടം ജന്തുവർഗ്ഗങ്ങളാക്കിമാറ്റിത്തീർക്കാനാണ് ശ്രമിക്കുന്നത്. പ്രകൃതിക്ഷോഭങ്ങൾ സ്വാഭാവികമാണ്. പക്ഷെ അതുകൊണ്ടുള്ള നാശത്തിന് ഗുരുത്വവും ലഘുത്വവും നിർണയിക്കുന്നത് നിർദ്ദിഷ്ട സാമൂഹ്യവ്യവസ്ഥിതിയാണ്. മനുഷ്യൻ ആർജ്ജിച്ച അറിവുകൾ നമ്മുടേതുപോലുള്ള ചൂഷണത്തിലധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥിതിയിൽ ഭരണവർഗ്ഗങ്ങളുടെ ഉദരപൂരണത്തിനും സുഖലോലുപതയ്ക്കും മാത്രമുള്ള ഉപാധികൾ മാത്രമായിത്തീരുക സ്വാഭാവികം മാത്രമാണ്.

മനുഷ്യരുടെ കർമ്മശേഷിയേയും കൂട്ടായ്മാബോധത്തേയും കെട്ടഴിച്ച് തട്ടിയുണർത്താൻ കഴിയുന്ന ഒരു സാമൂഹ്യവ്യവസ്ഥിതിക്ക് മാത്രമെ ശാസ്ത്രീയപുരോഗതിയെ സമൂഹത്തിന്റെ നൻമക്കുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിയുകയുള്ളു. ഈ തിരിച്ചറിവൊന്ന് മാത്രമായിരിക്കും നമ്മുടെ ഒരു സമൂഹമെന്നനിലയ്ക്കുള്ള അന്തസ്സായ നിലനിൽപ്പിന്റെ ആധാരം.

മറാത്ത്വാഡയിൽ ദാരുണമാംവിധം കുഴിച്ചുമൂടപ്പെട്ട പിഞ്ചോമനകളുടെ, നമ്മുടെ സഹോദരീ സഹോദരങ്ങളുടെ ഓർമ്മകൾ നമ്മളെ ഈ തിരിച്ചറിവു നേടാൻ പ്രാപ്തരാക്കേണ്ടതുണ്ട്. അവരുടെ ദുരന്തത്തിനുമുമ്പിൽ ദുഃഖിതരായി തല കുനിച്ച് നിൽക്കുമ്പോഴും ദുഃഖത്തെ ശക്തിയാക്കിമാറ്റാനും, വിനാശംവിതച്ച ഇവിടുത്തെ ഭീകര സവർണ്ണഫാസിസ്റ്റ് ഭരണകൂടത്തെ തകർത്തെറിഞ്ഞ് ആത്മാഭിമാനമുള്ള ഒരു പുത്തൻ സാമൂഹ്യ വ്യവസ്ഥിതിക്കുവേണ്ടിപ്പോരാടാനും നമുക്ക് പ്രതിജ്ഞയെടുക്കാം.

സി. ആർ.

പെറു

ചെയർമാൻ ഗോൺസാലൊ തടവിലാക്കപ്പെട്ട് ഒരുവർഷം തികയുന്നു

1993 സെപ്തംബർ 12.

അമേരിക്കയുടെ പിന്തുണയുള്ള പെറു ഭരണകൂടത്തിൻെറ പിടിയിൽ പെറു കമ്മ്യൂണിസ്റ്റ് പാർട്ടി ചെയർമാൻ, ചെയർമാൻ ഗോൺസാലൊ എന്നറിയപ്പെടുന്ന ഡോ. അഭിമേൽ ഗുസ്മാൻ, അകപ്പെട്ടിട്ട് ഒരു വർഷം തികയുന്നതിനെ സൂചിപ്പിക്കുന്നു. അമേരിക്കൻ രഹസ്യവിഭാഗത്തിൻെറ പരിശീലനവും നിർദ്ദേശങ്ങളും ലഭിക്കുന്ന പെറുവിലെ രാഷ്ട്രീയപോലീസ് നടത്തിയ തീവ്രമായ മനുഷ്യവേട്ടയുടെ ഫലമായാണ് അദ്ദേഹം അറസ്റ്റ്ചെയ്യപ്പെട്ടത്. അറസ്റ്റ്ചെയ്യപ്പെട്ട സന്ദർഭത്തിൽ ലോകത്തെ പ്രധാന വാർത്ത ``ഈ ദശകത്തിലെ ഏറ്റവും അപകടകാരിയായ മനുഷ്യൻ പിടിക്കപ്പെട്ടു" എന്നായിരുന്നു.

ഒരുകൊല്ലത്തിനുശേഷം, ചെയർമാൻ ഗോൺസാലോ, പെറുവിലെ ഒരു നേവൽ താവളത്തിലുള്ള ഒരു കിളിവാതിൽപോലുമില്ലാത്ത ഭൂഗർഭ അറയിൽ ഏകാന്ത തടവുകാരനായി അടക്കപ്പെട്ടിരിക്കുകയാണ്. യാതൊരു സന്ദർശ്ശകരേയും - ഡോക്ടർമാരേയോ കുടുംബാംഗങ്ങളേയൊ, വക്കീലൻമാരേയോ, സാർവ്വദേശീയ റെഡ്ക്രോസ് അംഗങ്ങളെപ്പോലുമോ - അദ്ദേഹത്തെ കാണാൻ അനുവദിക്കുന്നില്ല. ശരിയായ വൈദ്യശുശ്രൂഷയും, പുസ്തകങ്ങളും, പേപ്പറുകളും അതുപോലുള്ള മറ്റാവശ്യങ്ങൾപോലും അദ്ദേഹത്തിന് നിഷേധിക്കപ്പെട്ടിരിക്കുന്നു.

പെറുവിലെ ശക്തിമത്തായ വിപ്ളവത്തിൻേറയും ദശലക്ഷക്കണക്കിന് ജനങ്ങളുടേയും അംഗീകൃത നേതാവായ ചെയർമാൻ ഗോൺസാലോ ഒരു ഭൂഗർഭ ജയിലിൽ അടക്കപ്പെട്ടവനായിട്ടുപോലും അദ്ദേഹത്തിൻെറ ശത്രുക്കളുടെ കണ്ണിൽ ഇപ്പോഴും വളരെ അപകടം പിടിച്ച ഒരു ഭീഷണിയാണ് - തെക്കേ അമേരിക്കയിൽ യു. എസ്സിൻെറ പ്രതിവിപ്ളവ സായുധഉയർത്തെഴുന്നേൽപ്പുനയവുമായി ബന്ധപ്പെട്ട് പ്രഗൽഭനായ റോബർട്ട് - ടോറിസെല്ലി പരസ്യമായി പറഞ്ഞത് അഭിമേൽ ഗുസ്മാൻ മരിച്ചുകാണാൻ ആഗ്രഹിക്കുന്നു എന്നാണ്. അടുത്തകാലൊത്തൊരു അഭിമുഖത്തിൽ പെറു പ്രസിഡണ്ട് ഫ്യൂജിമോറി പറഞ്ഞു: (ബ്രസിലിലും വെനിസുലയിലും) പെറുവിലേതുപോലത്തെ പ്രശ്നങ്ങൾ ഉണ്ട്! പെറുവിലേതുപോലെത്തന്നെ സ്ഫോടകാത്മകമായവയാണവ. എന്നാൽ അഭിമേൽ ഗുസ്മാൻ എന്ന കേപ്പ് (ഡെറ്റൊനേറ്റർ) ഞങ്ങൾക്കുണ്ട്. ഒരു കേപ്പ്പോലെ പ്രവർത്തിക്കുന്ന ഗുസ്മാനെപ്പോലുള്ളവർ, വിഷമങ്ങളും, ദാരിദ്ര്യവും സാമൂഹ്യ അനീതിയുമുള്ള പെറുവിനെപോലുള്ള രാജ്യങ്ങളിൽ നിലനിൽക്കണോ വേണ്ടയോ എന്നതാണ് പ്രശ്നം. ഭീഷണി ഇപ്പോഴും തുടർന്ന് നിലനിൽക്കുകയാണ്. റദ്ദാക്കപ്പെട്ട മരണശിക്ഷയെ പെറുവിൽ വീണ്ടും കൊണ്ടുവരാനും അങ്ങിനെ സഖാവ് ഗോൺസാലോക്കും മറ്റ് വിപ്ളവകാരികളായ തടവുകാർക്കുംനേരെ അത് ഉപയോഗിക്കാനുമുള്ള ശ്രമത്തിലാണ് ഫ്യൂജിമോറി ഭരണകൂടം ഇന്നുള്ളത്.

സാമ്രാജ്യവാദികളുടേയും അവരുടെ പിണിയാളുകളുടേയും ചെയർമാൻ ഗോൺസാലോയുടെ നേർക്കുള്ള സമീപനം, അദ്ദേഹം ഇന്ന് ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയ തടവുകാരനായത് എന്തുകൊണ്ട് എന്നതിനെ വ്യക്തമാക്കുന്നു. പെറുവിൽ വമ്പിച്ച വിജയങ്ങൾ നേടിയെടുത്തതും ലോകമെമ്പാടുമുള്ള അടിച്ചമർത്തപ്പെട്ട ജനങ്ങളെ ആവേശഭരിതരാക്കിയതുമായ മാവോയിസ്റ്റ് ജനകീയ യുദ്ധത്തിനെതിരെ ഒരു മാരകമായ അടി അടിക്കാനാണ് ഫാസിസ്റ്റ് സ്വേച്ഛാധിപതിയായ ഫ്യൂജിമോറി ഭരണകൂടത്തിന് പുറകിലുള്ള യഥാർത്ഥ ശക്തിയായ യു. എസ്സ്. ഉദ്ദേശിക്കുന്നത്. സഖാവ് ഗോൺസാലോയിൽനിന്നും ഒരു മാതൃക തുടങ്ങാനും അങ്ങിനെ മറ്റ് നിരവധി രാഷ്ട്രീയതടവുകാരെ വധിക്കുന്നതിനുള്ള കളമൊരുക്കാനും അവർ ആഗ്രഹിക്കുന്നു. ഇത് സംഭവിക്കാനനുവദിച്ചുകൂടാ.

അദ്ദേഹത്തിൻെറ ജീവൻ രക്ഷിക്കാനുള്ള സാർവ്വദേശീയ നടപടികളിൽ പങ്കാളികളാകുക

ക്ഷേത്രപ്രവേശനം സവർണ്ണന് തന്നെ

പറവൂർ കൊങ്ങോർപ്പിള്ളി ശിവക്ഷേത്രത്തിൽ ബ്രാഹ്മണ വംശത്തിൽ ജനിക്കപ്പെടാത്തതുകൊണ്ട് പൂജാരിയാകുവാനുള്ള പിന്നോക്കക്കാരൻെറ ജനാധിപത്യാവകാശത്തിനുവേണ്ടി ഒക്ടോബർ 21ന് ജനകീയ സാംസ്കാരിക സേന ക്ഷേത്രത്തിലേക്ക് നടത്തിയ മാർച്ചിനെത്തുടർന്ന് ജെ. എസ്. എസ്. പ്രവർത്തകരായ സോമൻ, ഹരി, അജയൻ എന്നിവരെ അറസ്റ്റുചെയ്തു. സർക്കാരിൻെറ ഈ നടപടിയിലൂടെ മലയാളിക്ക് നിഷേധിക്കപ്പെട്ടത് കേരളത്തിൽ നവോത്ഥാനത്തിൻെറ ജീവനാഡിയായിരുന്ന ജാതിവിരുദ്ധ സമരവും, അതിലൂടെ നേടിയെടുത്ത പ്രവേശനവുമാണ്.

കഴിഞ്ഞകാല ചരിത്രത്തിൽ ജാതിനിയമങ്ങളുടെ പീഢനങ്ങൾക്ക് ഭരണകൂടത്തിൽനിന്നും സവർണ്ണർക്ക് ലഭിച്ചിരുന്ന പിന്തുണ ഇന്നും മാറ്റങ്ങൾക്കു വിധേയമല്ലാതെ തുടരുന്നതിനെയാണ്, ജെ. എസ്. എസ്. പ്രവർത്തകർക്ക് നേരെയുള്ള അറസ്റ്റും, പൂജാരിയാക്കിയുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ നിയമനത്തിനെതിരെയുള്ള ഹൈക്കോടതിയുടെ സ്റ്റേയും തെളിയിക്കുന്നത്.

ഇത്തരമൊരു രാഷ്ട്രീയ സാമൂഹ്യ സാഹചര്യത്തിൽ, സാമൂഹ്യനീതി നേടിയെടുക്കുന്നതിനുവേണ്ടിയുള്ള ജെ. എസ്. എസിൻെറ സമരത്തിൽ എല്ലാ മലയാളികളും ഐക്യപ്പെടേണ്ടത് അനിവാര്യമാണ് എന്നാണ് സാഹചര്യം നമ്മെ ഓർമ്മപ്പെടുത്തുന്നത്.

പ്രധാനമായും പെറുവിലെ ജനങ്ങളുടെ സമരങ്ങൾകൊണ്ട്, ഫ്യൂജിമോറി ഭരണകൂടത്തെ ചെയർമാൻ ഗോൺസാലൊയെ കൊല്ലുന്നതിൽനിന്ന് തടുക്കാൻ ഇന്നുവരെ കഴിഞ്ഞിട്ടുണ്ട്. പിന്തിരിപ്പൻ ഭരണകൂടത്തിനുമേൽ ജനകീയ യുദ്ധത്തിൻെറ ആക്രമണം തുടർന്നുകൊണ്ടേ ഇരിക്കുന്നു. മരണ ഭീഷണികളുടേയും കടുത്ത ശിക്ഷകളുടേയും മുന്നിൽ പെറുവിലെ പുരോഗമന വാദികളായ അഭിഭാഷകരും മറ്റും അഭിമേൽ ഗുസ്മാൻെറയും മറ്റ് വിപ്ളവകാരികളായ തടവുകാരുടേയും സംരക്ഷണാർത്ഥം ധീരമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെത്തന്നെ ചെയർമാൻ ഗോൺസാലോയുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടിയുള്ള ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന സാർവ്വദേശീയ കാമ്പേനും ഈ പ്രധാനപ്പെട്ട രാഷ്ട്രീയപ്പോരാട്ടത്തിൽ വളരെ പ്രധാന്യമർഹിക്കുന്നു. ഡോ. അഭിമേൽ ഗുസ്മാൻെറ ജീവൻ രക്ഷിക്കുന്നതിനുവേണ്ടിയുള്ള സാർവ്വദേശീയ എമർജൻസി കമ്മറ്റിയുടെ (IEC) ആഹ്വാനത്തിൽ പ്രഗൽഭരായ രാഷട്രീയക്കാർ, ന്യായാധിപൻമാർ, കലാകാരൻമാർ, എഴുത്തുകാർ, രാഷ്ട്രീയ തടവുകാർ അടക്കമുള്ള വിവിധ രാജ്യങ്ങളിലെ ആയിരക്കണക്കിനാളുകൾ ഒപ്പുവെച്ചിട്ടുണ്ട്.

പക്ഷെ, ചെയർമാൻ ഗോൺസാലോയുടെ ജീവൻ ഇപ്പോഴും അപകടത്തിൽതന്നെയാണ്. ഏകാന്ത തടവിൻെറ മൃഗീയമായ അവസ്ഥ ചിത്രവധത്തിനു തുല്യമാണ്. മരണ ശിക്ഷാനടപടികൾക്കുള്ള അനുവാദം കോൺഗ്രസ്സിലൂടെ നേടിക്കൊണ്ട് സഖാവ് ഗോൺസാലോയെ വധിക്കാനുള്ള അതിൻെറ ഭീഷണി ഫ്യൂജിമോറി ഭരണകൂടം തീവ്രമാക്കിയിരിക്കയാണ്.

ഡോക്ടർ അഭിമേൽ ഗുസ്മാൻെറ ജീവൻ രക്ഷിക്കുന്നതിനുള്ള സാർവ്വദേശീയ കാമ്പേൻെറ സെപ്തംബർ 12ന് ആരംഭിക്കുന്ന "12 ദിവസത്തെ പൊട്ടിപ്പുറപ്പെടലിന്നുവേണ്ടി" IEC ആഹ്വാനംചെയ്യുന്നു. IEC ആവശ്യപ്പെടുന്നു: ഏകാന്തതടവ് അവസാനിപ്പിക്കുക! വധശിക്ഷ ഒഴിവാക്കുക!

സ്ഥിതിഗതികൾ വളരെ ദ്രുതഗതിയിലാണ് - സഖാവ് ഗോൺസാലോയെ വധിക്കുന്നതിൽനിന്ന് സാമ്രാജ്യവാദികളേയും പിന്തിരിപ്പൻമാരേയും തടയുവാനുള്ള ലോകവ്യാപകമായി വളർന്നുകൊണ്ടിരിക്കുന്ന ഉദ്യമത്തിൽ ഇനിയും കൂടുതൽ ആളുകൾ പങ്കാളികളാകേണ്ടതുണ്ട്.

ചെയർമാൻ ഗോൺസാലോയുടെ ജീവനെ പ്രതിരോധിക്കുക!

പെറുവിലെ ജനകീയ യുദ്ധം വിജയിക്കട്ടെ!

പെറുവിലെ കമ്മ്യൂണിസ്റ്റ് പാർട്ടി നീണാൾ വാഴട്ടെ!

"അവനും അവൻെറ കുടുംബവുമെങ്കിലും രക്ഷപ്പെടട്ടെ"

ഒറ്റപ്പാലം ഉപതിരഞ്ഞെടുപ്പിൻെറ ഫലപ്രഖ്യാപനം കേട്ട്, ജയിച്ചവരും പരാജയപ്പെട്ടവരും ഒരു പോലെ ഞെട്ടിയപ്പോൾ സാധാരണ ജനങ്ങൾ പ്രതികരിച്ചത് ഇങ്ങിനെയായിരുന്നു.

ഇത് വെറുമൊരു പ്രസ്താവനയല്ല. ഇവിടുത്തെ ജനാധിപത്യത്തെക്കുറിച്ചുള്ള ജനത്തിൻെറ സാമാന്യ വിലയിരുത്തലാണ് മേൽപറഞ്ഞ ഒറ്റവാചകത്തിൽ.

ബൂർഷ്വാപാർലിമെൻററി ജനാധിപത്യത്തിൽ ഓരോ തിരഞ്ഞെടുപ്പ് മാമാങ്കോൽസവം നടന്നുകഴിയുമ്പോഴും തങ്ങൾ വഞ്ചിക്കപ്പെടുകയാണെന്ന് ജനങ്ങൾ തിരിച്ചറിവ് നേടാൻ തുടങ്ങിയിരിക്കുന്നു എന്നതിനെയാണ് വോട്ട് ബഹിഷ്ക്കരിക്കുന്നവരുടെ സംഖ്യ കൂടിവരുന്നതിലൂടെ വെളിവാക്കപ്പെടുന്നത്.

തിരഞ്ഞെടുപ്പുകളോടും വാഗ്ദാനങ്ങളെക്കൊണ്ട് പാലും തേനും ഒഴുക്കുന്ന കക്ഷിരാഷ്ട്രീയക്കാരോടുമുള്ള ജനങ്ങളുടെ മടുപ്പ്, "തിരഞ്ഞെടുപ്പ് ബഹിഷ്ക്കരിക്കുക" എന്ന മുദ്രാവാക്യവുമായി മണ്ഡലത്തിൽ പ്രചരണത്തിനെത്തിയ കെ.സി.പി. പ്രവർത്തകർക്കുള്ള ആവേശകരമായ സ്വീകരണമായി മാറുകയാണുണ്ടായത്. മൂന്ന് ദിവസത്തെ പ്രചരണത്തിലും ജനങ്ങൾ കെ.സി.പിയുടെ പ്രവർത്തകരോടൊപ്പം അക്ഷരാർത്ഥത്തിൽ പങ്കുചേരുകയായിരുന്നു.

ഒരുപാടുപേർ നോട്ടീസ് വിതരണം ചെയ്യാൻ സഹായിച്ചു. നോട്ടീസ് വാങ്ങിവായിക്കുന്നതും പ്രവർത്തകരോടൊപ്പം മറ്റാളുകൾക്ക് അവ കൈമാറുന്നതും കാണാമായിരുന്നു.

ലക്ഷങ്ങൾ വാരിയെറിഞ്ഞുകൊണ്ടുള്ള തിരഞ്ഞെടുപ്പു പ്രചരണങ്ങൾക്കും നേതാക്കളുടെ വരവിൻേറയും പോക്കിൻെറയും തിരക്കുകൾക്കുമിടയിൽ കെ.സി.പി.യുടെ തിരഞ്ഞെടുപ്പ് ബഹിഷ്ക്കരണ പ്രവർത്തനവും വിതരണം ചെയ്യപ്പെട്ട നോട്ടീസും ജനങ്ങളിൽ ഏറെ കൗതുകവും താൽപര്യവും ഉണ്ടാക്കിയിരുന്നു. 6000 ലഘുലേഖകൾ വിതരണം ചെയ്ത ഒറ്റപ്പാലം ഷൊർണൂർ നഗരത്തിൽ ചുരുങ്ങിയത് 25 ലഘുലേഖകൾ പോലും വൃഥാവിലാവുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്തുകാണുകയില്ല എന്ന വസ്തുത ജനങ്ങളിലുള്ള ഈ കൗതുകത്തിൻേറയും താൽപര്യത്തിൻെറയും തെളിവുകളായിരുന്നു.

ബൂർഷ്വാ തിരഞ്ഞെടുപ്പുകൾ ജനാധിപത്യമല്ലെന്നും സവർണ ദല്ലാൾ ഭരണകൂടത്തിനെതിരെ മർദ്ദിതരുടെ സായുധപ്പോരാട്ടമാണ് ജനാധിപത്യത്തിൻെറ മുഖ്യഉറവിടം, തിരഞ്ഞെടുപ്പിലൂടെ ഭരണവർഗം അവരുടെ ഇഷ്ടമനുസരിച്ച് ഭരിക്കാൻ, നമ്മുടെ തലവിധി നിർണയിക്കാനുള്ള നമ്മുടെ സമ്മതം തേടുകയാണ്, ഇതനുവദിക്കരുതെന്നും, നമ്മുടെ തലവിധി നാം തന്നെ നിർണയിക്കണമെന്നും, അതുകൊണ്ട് തിരഞ്ഞെടുപ്പ് വ്യാമോഹങ്ങൾ വലിച്ചെറിഞ്ഞ് "ഒരു ജാതി ഒരു ജനത ഒരു ദേശം.കേരളം" എന്ന മുദ്രാവാക്യവുമായി മുന്നേറുവാനും, നിന്ദിതരും പീഢിതരുമായ ജനവിഭാഗങ്ങളുടെ മൗലികപ്രശ്നങ്ങൾക്ക് സംവരണമോ, സംവരണമണ്ഡലമോ പരിഹാരമല്ലെന്നും വിശദീകരിക്കുന്നതായിരു ന്നു ലഘുലേഖ.

തങ്ങളെ പഴയതുപോലെ ഭരിക്കാനാവില്ലെന്ന് പ്രഖ്യാപിക്കാനും മാർക്സിസം-ലെനിനിസം-മാവോ ചിന്ത ഉയർത്തിപ്പിടിച്ചുകൊണ്ട് നിലവിലുള്ള ഭരണകൂടത്തെ തകർത്തെറിയാനും അതുവഴി മർദ്ദിതരുടെ രാഷ്ട്രീയാധികാരം സ്ഥാപിക്കാൻ മുന്നോട്ടുവരണമെന്നും ആഹ്വാനം ചെയ്തുകൊണ്ടുള്ള കെ.സി.പിയുടെ ലഘുലേഖയോട് പല യുവജന സംഘടനകളുടെ പ്രാദേശികവിഭാഗങ്ങളും അനുഭാവപൂർണമായ പ്രതികരണമാണ് നൽകിയത്. പ്രചരണ പ്രവർത്തകർക്ക് ഭക്ഷണവും പണവും നൽകിക്കൊണ്ട്, ഞങ്ങൾ മറ്റൊന്നിലായിപ്പോയി എന്നും എന്തായാലും ഞങ്ങൾ നിങ്ങളോടൊപ്പം ചേരാതിരിക്കാനാവില്ലെന്നും പറഞ്ഞായിരു ന്നു അവർ പ്രചരണപ്രവർത്തകരെ യാത്രയാക്കിയത്.

തിരഞ്ഞെടുപ്പ് ബഹിഷ്ക്കരണ ലഘുലേഖയോട് ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽനിന്നുള്ള പ്രതികരണം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. പാലക്കാട് ജില്ലാ പാർട്ടി പ്രവർത്തകർക്കു ലഭിച്ചുകൊണ്ടിരിക്കുന്ന കത്തുകളിൽ "തിരഞ്ഞെടുപ്പ് ബഹിഷ്കരണം വളരെയേറെ ആകർഷിച്ചു. ഇന്നത്തെ തിരഞ്ഞെടുപ്പ് അധികാരത്തിനുവേണ്ടിയുള്ള ബൂർഷ്വാസികൾക്കിടയിലെ മത്സരമാണെന്നും" മറ്റും അഭിപ്രായപ്പെട്ടിട്ടുണ്ട്. ■

പരമ്പരാഗത സവർണ്ണബോധപ്രേരിതമായ അനീതി

കേന്ദ്രപ്രചരണ സമിതി സെക്രട്ടറി പത്രങ്ങൾക്ക് നൽകിയ പ്രസ്താവനയുടെ പൂർണ്ണരൂപം:

സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിലാണെങ്കിലും, കേന്ദ്രസർക്കാർ ജോലിയുടെ കാര്യത്തിൽ ദളിത്-പിന്നോക്ക വിഭാഗങ്ങൾക്ക് മണ്ഡൽക്കമ്മീഷൻ ശുപാർശയിലുള്ള 27 ശതമാനം സംവരണം നടപ്പാക്കാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം പൊതുവേ സ്വീകരിക്കപ്പെട്ടിരിക്കുകയാണ്.

എന്നാൽ 27 ശതമാനം സംവരണം നടപ്പാക്കുന്നതിൽ ദളിത്-പിന്നോക്ക വിഭാഗത്തിലെ കർഷകരേയും, സാമ്പത്തികമായി മെച്ചപ്പെട്ടവരേയും ഒഴിവാക്കിക്കൊണ്ടുള്ള "ക്രീമിലേയർ" മാനദണ്ഡം സർക്കാർ സ്വീകരിച്ചിട്ടുള്ളത് അതിന്റെ സവർണ്ണ പ്രീണനനയത്തേയും, ജോലി സംവരണകാര്യത്തിലെങ്കിലും മണ്ഡൽ നിർദ്ദേശങ്ങൾ ശരിയായ അർത്ഥത്തിൽ നടപ്പാക്കുന്നതിലുള്ള ആത്മാർത്ഥത ഇല്ലായ്മയേയുമാണ് വ്യക്തമാക്കുന്നത്.

"ക്രീമിലേയർ" (പിന്നോക്കക്കാരിലെ സാമൂഹികവും, വിദ്യാഭ്യാസപരവും, സാമ്പത്തികവുമായി മുന്നോക്കം നിൽക്കുന്നവർ) മാനദണ്ഡം അന്തിമ വിശകലനത്തിൽ സാമ്പത്തിക സംവരണവാദികളുടേയും, മണ്ഡൽക്കമ്മീഷൻ വിരോധികളുടേയും വിജയമായാണ് കാണാൻ കഴിയുക. നൂറ്റാണ്ടുകളായി പീഠനവും നിന്ദയും മാത്രം അനുഭവിക്കേണ്ടിവന്നിട്ടുള്ള ജനസംഖ്യയിൽ 85 ശതമാനത്തിലധികം വരുന്നവരുടെ കാര്യത്തിൽമാത്രം "ക്രീമിലേയർ" (മുന്നോക്കമാനദണ്ഡം) നടപ്പാക്കാൻ ശ്രമിക്കുന്ന സർക്കാർ, അധികാരത്തിന്റേയും സമ്പത്തിന്റേയും കുത്തക ഇക്കാലമത്രയും സ്വയം, സ്വന്തം സംവരണമാക്കി അനുഭവിച്ചുവരുന്ന സമൂഹത്തിലെ മുന്നോക്കവിഭാഗത്തിലെ മുന്നോക്കക്കാരുടെ കാര്യത്തിൽ നടപ്പാക്കാൻ തയ്യാറാകുമോ?

അതിന് തയ്യാറാകാതെ, സമൂഹത്തിന്റെ ഇന്നേവരേയുള്ള എല്ലാവിധ ഐശ്വര്യങ്ങൾക്കും കാരണക്കാരായ തൊഴിലാളികളും, കർഷകരും, കൈത്തൊഴിലെടുക്കുന്നവരും ഉൾപ്പെടുന്ന ദളിത്-പിന്നോക്ക വിഭാഗങ്ങളുടെ കാര്യംവന്നപ്പോൾമാത്രം ക്രീമിലേയർ കാർക്കശ്യത പാലിക്കാനുള്ള തീരുമാനം ഈ വിഭാഗത്തോടുള്ള പരമ്പരാഗത സവർണ്ണബോധപ്രേരിതമായ കടുത്ത അനീതിയാണ്. ദരിദ്രരായ മതന്യൂനപക്ഷങ്ങളെ സംവരണത്തിൽനിന്നും ഒഴുവാക്കിയിട്ടുള്ളതും മറ്റൊന്നിനെയല്ല സൂചിപ്പിക്കുന്നത്.

ഇന്ന് തികച്ചും അനാവശ്യമായ ഒരു സംസ്കൃത സർവ്വകലാശാല കേരളത്തിൽ സ്ഥാപിച്ച്, പരിപൂർണ്ണമായും ഒരു മതസ്ഥാപനമായ ശൃംഗേരി മഠത്തിന്റെ അധിപനെ, പാരമ്പര്യാവകാശമായിത്തീരാവുന്ന രീതിയിൽ. അതിന്റെ വിസിറ്റിംഗ് പ്രൊഫസറായി നിയമിച്ചുകൊണ്ടുള്ള സർക്കാർ തീരുമാനവും ഈ സവർണ്ണപ്രീണനത്തെ ഒരിക്കൽക്കൂടി തുറന്നു കാട്ടിയിരിക്കുകയാണ്. ഇത് ഒരു വഞ്ചനയും എല്ലാ മതേതര-ജനാധിപത്യ-പുരോഗമന ശക്തികൾക്കെതിരായ വെല്ലുവിളിയുമാണ്. ഇതിനെ എതിർത്ത് തോൽപ്പിക്കാൻ എല്ലാ മതേതര-പുരോഗമന-ജനാധിപത്യ ശക്തികളും, വ്യക്തികളും ഒന്നിച്ച് മുന്നോട്ടിറങ്ങണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

കേന്ദ്രപ്രചരണ സമിതിക്കുവേണ്ടി
എം. എൻ. രാവുണ്ണി
സെക്രട്ടറി

19-9-93
തൃശ്ശൂർ.

സംസ്കൃത സർവ്വകലാശാല

മലയാളികൾക്കുമേൽ ബ്രാഹ്മണ്യത്തിന്റെ കടന്നാക്രമണം ശക്തിപ്രാപിക്കുന്നു

കേരളത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ സംസ്കൃത സർവ്വകലാശാല സ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ സർവ്വകലാശാലയുടെ 'സുപ്രീംഡീൻ' ആയി ശൃംഗേരി ശങ്കരപീഠത്തിലെ ശങ്കരാചാര്യരെ നിയമിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും ആ തീരുമാനം പിൻവലിച്ച് പീഠാധിപതിയെ വിസിറ്റിംഗ് പ്രൊഫസറായി നിയമിക്കുമെന്ന് തീരുമാനിച്ചിരിക്കുന്നു. ഈ സർവ്വകലാശാല ആദിശങ്കരന്റെ പേരിലാണ് നാമകരണം ചെയ്തിരിക്കുന്നത്. സംസ്കൃതഭാഷയോടൊപ്പം മറ്റുഭാഷകളും ഭാരതത്തിലെ പ്രാചീനസംസ്കാരം, ചരിത്രം ഇവയാണ് പാഠ്യപദ്ധതിയിലുള്ളത്.

എന്തിനുവേണ്ടിയാണ് ഈ സർവ്വകലാശാല ഇവിടെ സ്ഥാപിക്കുന്നത്. സംസ്കൃത സർവ്വകലാശാലയും അതിന്റെ പേര് ആദിശങ്കരന്റെപേരിൽ സ്ഥാപിക്കുന്നതും, അതിന്റെ വിസിറ്റിംഗ് പ്രൊഫസറായി ശൃംഗേരിപീഠാധിപതിയെപ്പോലുള്ളവരെ നിയമിക്കുകയും കൂടിചെയ്യുമ്പോൾ ഇതെല്ലാം പരസ്പരം ബന്ധപ്പെട്ട പ്രശ്നമായി കാണേണ്ടതുണ്ട്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ നൂറ്റാണ്ടുകളായി മനുഷ്യസമൂഹത്തെ വർണ്ണത്തിന്റെയും ജാതിയുടേയും അടിസ്ഥാനത്തിൽ വിഭജിക്കുകയും ബ്രാഹ്മണർക്ക് താഴെയുള്ള എല്ലാജാതികളെയും അതിന്റെ സംരക്ഷകരാക്കുകയും എല്ലാവിധ അസമത്വങ്ങളും അടിച്ചേൽപ്പിച്ച ബ്രാഹ്മണർ ദൈവത്തിന്റെ പ്രതിപുരുഷൻമാരാവുകയും അവരുടെ ഭാഷ ദേവഭാഷയായി (സംസ്കൃതം) മാറുകയും ചെയ്തു. വേദമന്ത്രങ്ങൾ കേൾക്കുകയോ ഉച്ചരിക്കുകയോ ചെയ്യുന്ന ശൂദ്രനെകൊന്നൊടുക്കിയും അവരുടെ സമ്പത്ത് പിടിച്ചെടുത്തുമാണ് ബ്രാഹ്മണ്യവും അവരുടെ ഭാഷയും വികസിച്ചുവന്നത്. അതിനെ കേന്ദ്രീകരിച്ചുകൊണ്ടുള്ള സംസ്കൃത സർവ്വകലാശാലയും ഈ ഉദ്ദേശ്യത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. മുൻകാലങ്ങളിൽ ശൂദ്രർ ഉൾപ്പെടെയുള്ളവർക്ക് നിഷേധിച്ചിരുന്ന സംസ്കൃതം ഇപ്പോൾ ദളിതർവരെയുള്ളവരെക്കൂടി ഉൾപ്പെടുത്താൻ കഴിയുന്ന രീതിയിൽ മാറ്റിയിരിക്കുന്നത് ബ്രാഹ്മണ്യവൽക്കരണത്തിന്റെ താൽപ്പര്യമാണ്. ഇവിടെ അടിമകളായി പണിയെടുത്തുകൊണ്ടിരുന്ന ജനങ്ങളുടെ ഭാഷയെ അടിച്ചമർത്തുകയും അതെല്ലാം പ്രാകൃതവും മ്ളേച്ഛവുമായി ചിത്രീകരിക്കുകയും ചെയ്ത ബ്രാഹ്മണ്യത്തിനും അവരുടെ ഭാഷയ്ക്കുമെതിരായി ഭക്തിപ്രസ്ഥാനത്തിലൂടെ കലാപങ്ങൾ ഉയർന്നുവരുകയും അതിലൂടെ വിവിധ ജനകീയ ഭാഷകൾ ശക്തിപ്രാപിക്കുകയും ഇന്ന് കാണുന്ന വിവിധ ദേശീയഭാഷകൾക്ക് ജൻമം നൽകുകയും ചെയ്തു. ബ്രാഹ്മണ്യത്തിന്റെ സംസ്കാരത്തെ വേരോടെ പിഴുതെറിയുവാൻ കഴിയാതിരുന്നതുകൊണ്ട് നമ്മുടെ ഭാഷകളിൽപോലും വരേണ്യവൽക്കരണത്തിന്റെ സ്വാധീനം കാണാം. വിവിധ ദേശീയ ജനതകളുടെ ഭാഷയുടെ പിതൃത്വം സംസ്കൃതത്തിനാണെന്നും അതിലൂടെയാണ് മറ്റെല്ലാ ഭാഷകളും വികസിച്ചുവന്നതെന്നും അവർ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ ഇൻഡ്യയുടെ സംസ്കാരത്തിന്റെ ആവിർഭാവവും ഇവിടെ നിന്നാണെന്നും അത് ഋഷി സംസ്കാരമാണെന്നും ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു. ഏറ്റവും ഉൽകൃഷ്ടവും മഹത്തായ സംസ്കാരത്തിന്റെ ഉറവിടവുമായി സംസ്കൃതത്തെ വ്യാഖ്യാനിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. അങ്ങനെ ബ്രാഹ്മണ്യത്തിന്റെ നാലുകെട്ടുകളിൽനിന്നും അഗ്രഹാരങ്ങളിൽനിന്നും തീണ്ടാപ്പാടകലെ ഭൂമിയിൽ അടിമകളായി പണിയെടുത്തുകൊണ്ടിരുന്നവരുടെ സംസ്കാരവും ഭാഷയും അധമമായി.

ഈ സർവ്വകലാശാല ആദിശങ്കരന്റെ പേരിലാകുമ്പോൾ ചിത്രം വ്യക്തമാകുന്നു. കാലടി ശങ്കരന്റെ ദൗത്യം എന്തായിരുന്നുവെന്ന് പല ദളിത് സംഘടനകളും പുരോഗമന ശക്തികളും ചൂണ്ടിക്കാണിച്ചിരുന്നു. മാത്രമല്ല ജാതിവ്യവസ്ഥയുടെ സൈദ്ധാന്തികനായ ആദിശങ്കരനെ കത്തിക്കുവാൻപോലും ദളിതുകൾക്ക് കഴിഞ്ഞു. ജാതിവ്യവസ്ഥയുടെ പുനഃസ്ഥാപകനായ

കാലടി ശങ്കരനെ ഹെഗലിന്റെ സ്ഥാനം നൽകിക്കൊണ്ട് പുരോഗമനവാദിയായി ചിത്രീകരിക്കുവാൻ ഇ. എം. എസ്സിനെപ്പോലുള്ളവർ ശ്രമിച്ചു. ചിലരാകട്ടെ ഒരു മതത്തിന്റെ വക്താവാണ് ശങ്കരനെന്നും അതുകൊണ്ട് അയാളെ ആക്രമിക്കുകയോ കത്തിക്കുകയോ ചെയ്യുന്നതു മതനിഷേധമായിപ്പോകുമെന്ന് തർക്കിച്ചുകൊണ്ടിരിക്കുന്നു.

എല്ലാവിധത്തിലും ബ്രാഹ്മണ്യത്തിന്റെ കർക്കശ നിയമങ്ങൾ സ്ഥാപിക്കുകയും നടപ്പിലാക്കുകയുംചെയ്ത ആദിശങ്കരന്റെപേരിൽ, അവർ പ്രതിനിധാനംചെയ്ത ഭാഷയെ മലയാളികൾക്കുമേൽ അടിച്ചേൽപ്പിക്കുന്നതിലൂടെ സമൂഹം നേടിയെടുത്ത ജാതിവിരുദ്ധ ജനാധിപത്യസംസ്കാരത്തെ കീഴ്പ്പെടുത്തുകയാണ്. ശൃംഗേരി പീഠാധിപതിയെന്ന ബ്രാഹ്മണനെ ഇതിലേക്ക് നിയമിക്കുമ്പോൾ ബ്രാഹ്മണാധിപത്യം ഒന്നുകൂടി ഉറപ്പിക്കുവാൻ കഴിയുന്നു. അയാളുടെ യോഗ്യത ശൃംഗേരി ശങ്കരപീഠത്തിലെ ബ്രാഹ്മണൻ എന്ന മഹത്വമാണ്. യോഗ്യതയുടെ മാനദണ്ഡവും ബ്രാഹ്മണ്യമാണല്ലോ. ഈ ബ്രാഹ്മണ്യ സർവ്വകലാശാലയുടെ നടത്തിപ്പുകാരായി, സംരക്ഷകരായി ഭരണാധികാരികൾമാറുകയും ജനങ്ങളുടെ പണം ഉപയോഗിച്ച് സ്ഥാപിക്കുകയും ചെയ്യുമ്പോൾ ഇതിനെതിരായ പ്രതിഷേധങ്ങൾ ശക്തമായി ഉയർന്നുവരേണ്ടിയിരിക്കുന്നു. ശക്തമായ പ്രതിഷേധത്തിന്റെ അഭാവം മലയാളികൾക്ക്മേലുള്ള ബ്രാഹ്മണ്യവൽക്കരണത്തിന്റെ സ്വാധീനത്തെയാണ് സൂചിപ്പിക്കുന്നത്. സവർണ്ണഫാസിസത്തിന്നെതിരെ നിലപാടെടുക്കാൻ ശ്രമിക്കുന്ന മുസ്ലീംലീഗിന്റെ വിദ്യാഭ്യാസമന്ത്രിതന്നെ ഇതിന്റെ ഉൽഘാടകനായും നടത്തിപ്പുകാരനായും മാറുമ്പോൾ ബ്രാഹ്മണ്യ വിരോധം എന്തുമാത്രമുണ്ടെന്നു വ്യക്തമാണല്ലോ. മലയാളികളുടെ മാതൃഭാഷയെ കേന്ദ്രീകരിച്ചുകൊണ്ട് സർവ്വകലാശാല സ്ഥാപിക്കണമെന്ന് വിവിധ തലങ്ങളിൽനിന്ന് ആവശ്യങ്ങൾ ഉയർന്നുവന്നിട്ട് അതൊന്നും സ്വീകരിക്കാൻ തയ്യാറാവാതെ ബ്രാഹ്മണ്യ സർവ്വകലാശാല സ്ഥാപിച്ചിട്ടേ അടങ്ങുകയുള്ളുവെന്നു തീരുമാനിച്ചിരിക്കുന്ന ഭരണാധികാരികൾക്കെതിരായും ഈ സർവ്വകലാശാലയ്ക്കെതിരെയും ശൃംഗേരി പീഠാധിപതിക്കെതിരായും ദളിതുകളും, സ്ത്രീകളും, പുരോഗമന ജനാധിപത്യശക്തികളുമെല്ലാം ഐക്യപ്പെട്ടുകൊണ്ട് സർക്കാരിന്റെ തീരുമാനത്തെ പരാജയപ്പെ ടുത്താൻ വൈകിക്കൂടാ.

പ്രസ്താവന

"അഴീക്കോടൻ രാഘവനെ കൊന്നത് നക്സലൈറ്റുകളാണ്" എന്ന് പത്രങ്ങളിൽ വമ്പിച്ച പ്രാധാന്യത്തോടെവന്ന ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ ആവർത്തിച്ചുള്ള പ്രഖ്യാപനം അസത്യജഡിലവും ദുഷ്ടലാക്കോടുകൂടിയതുമാണ്. അഴീക്കോടൻവധത്തോടനുബന്ധിച്ച കേസിൽ പ്രതിയാക്കപ്പെട്ടവരിലൊ ശിക്ഷിക്കപ്പെട്ടവരിലൊ ഒരൊറ്റ 'നക്സലൈറ്റ്'പോലും ഉണ്ടായിരുന്നില്ല എന്നതാണ് സത്യം. വസ്തുത ഇതായിരിക്കെ, മാർക്സിസ്റ്റ് പാർട്ടിക്കകത്തെ തീരാശാപമായി തീർന്നിട്ടുള്ള ജാതിയിലധിഷ്ഠിതവും സ്ഥാനങ്ങൾക്കുവേണ്ടിയുള്ളതുമായ നേതൃത്വവടംവലിയുടെ ഭാഗമായിനടന്ന അഴീക്കോടന്റെ വധത്തെ നക്സലൈറ്റ് പ്രസ്ഥാനത്തിന്റെമേൽ ആരോപിക്കാനുള്ള ഇ. എം. എസ്സിന്റെ ആവർത്തിച്ചുള്ള ശ്രമം, സ്വന്തംപാർട്ടിനേതൃത്വത്തിന്റെ തിരുത്തൽവാദനിലപാടുകളോട് പാർട്ടി അണികളിൽ വർദ്ധിച്ചുവരുന്ന അതൃപ്തികാരണം അവർ വിപ്ളവപ്രസ്ഥാനത്തോട് അടുക്കുന്നതിൽനിന്ന് അവരെ തടുക്കാനുള്ള സ്വതസിദ്ധമായ കുതന്ത്രമല്ലാതെ മറ്റൊന്നുമല്ല.

ഇത്തരം അസത്യവും നിരുത്തരവാദപരവുമായ പ്രസ്താവനകൾ നടത്തുന്നതിൽനിന്ന് ഇ.എം. എസ്സിനെപോലുള്ളവർ ഇനിയെങ്കിലും ഒഴിഞ്ഞുമാറാനും സ്വയംവിമർശനം നടത്താനും തയ്യാറാകേണ്ടതാണ്.

കേന്ദ്രപ്രചരണ സമിതിക്കുവേണ്ടി
എം.എൻ. രാവുണ്ണി
സെക്രട്ടറി

കോട്ടയത്ത് ദളിത്ക്രിസ്ത്യാനികളുടെ റാലിയെ ആക്രമിച്ചു

ദളിത്ക്രിസ്ത്യനികളെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സെക്രട്ടറിയേറ്റിൽ നടന്നുകൊണ്ടിരിക്കുന്ന സത്യാഗ്രഹസമരത്തെ പിന്തുണച്ചുകൊണ്ട് സെപ്തംബർ 6-ാം തീയതി കോട്ടയത്ത് പതിനായിരക്കണക്കിന് ദളിത്ക്രൈസ്തവർ പങ്കെടുത്ത റാലിയും പൊതുസമ്മേളനവും നടക്കുകയുണ്ടായി. സമ്മേളനം പിരിഞ്ഞതിനുശേഷം സംഘടാകരെയും നേതാക്കളെയും സാമൂഹ്യവിരുദ്ധരായ ഒരു സംഘം സംവരണവിരോധികളായ സവർണർ കടന്നാക്രമിച്ചു ക്രൂരമായി മർദ്ദിക്കുകയുണ്ടായി. പട്ടാപ്പകൽ നടന്ന ഈ സംഭവത്തിൽ ചെറിയൊരു വാർത്ത മാത്രമെ പത്രങ്ങളിൽ വന്നിരുന്നുള്ളു. ദളിതുകൾക്കെതിരെ നടത്തിയ ആക്രമണത്തിൽ പ്രതിഷേധിച്ചുകൊണ്ട് സെപ്തംബർ 23-ാം തീയതി വൈകിട്ട് 4 മണിക്ക് കോട്ടയം തിരുന്നക്കര മൈതാനത്തു നടന്ന പ്രതിഷേധ യോഗത്തിൽ വിവിധ ദളിത് സംഘടനകളുടെ നേതാക്കളായ കെ. ലൂക്കോസ്, ബാബു. ജി., പി.പി. തോമസ്, എം. സി. തോമസ്, രാജഗോപാൽ വാകത്താനം (കേരള യുക്തിവാദസംഘം) കെ.കെ.എസ്. ദാസ്, എൻ.ജെ. ദേവസ്യ, ബ്രദർ ജോർജ്ജ് മാത്യു തുടങ്ങിയവർ സംസാരിച്ചു.

ഇന്ത്യയിലെമ്പാടും ദളിതർക്കെതിരെ നടന്നുകൊണ്ടിരിക്കുന്ന ആക്രമണങ്ങളുടെ തുടർച്ചയായിട്ടാണ് ഈ ആക്രമണവുമെന്ന് സമ്മേളനത്തിൽ വ്യക്തമാക്കി. ഏതെങ്കിലും മതങ്ങളിൽ എത്തിച്ചേർന്നാൽപോലും അവിടെയെല്ലാം ദളിതുകൾ ജാതീയമായി ആക്രമിക്കപ്പെട്ടുകൊണ്ടിരിക്കയാണ്. ഈ മർദ്ദനങ്ങളെയെല്ലാം അതാതു ജാതികളുടെയോ മതവിഭാഗങ്ങളുടെയോ പ്രശ്നമായി മാറുകയും പ്രതിഷേധങ്ങൾ ആ രീതിയിലാവുകയും ചെയ്യുന്നു. പട്ടികജാതിയിൽപ്പെട്ട ഒരാളെ ആക്രമിച്ചാൽ അയാളുടെ ജാതിയിൽപ്പെട്ടവർമാത്രമായും ക്രൈസ്തവമതത്തിൽ എത്തിച്ചേർന്ന ദളിതനെ ആക്രമിച്ചാൽ ആ വിഭാഗത്തിൻെറ പ്രതിഷേധമായും മാറിത്തീരുന്നു. ഈ പ്രതിഷേധയോഗത്തിലും അതിൻെറ പരിമിതി കാണുവാൻ കഴിയും. സവർണരെ സംബന്ധിച്ചിടത്തോളം ഏതുമതത്തിൽപ്പെട്ടവരായാലും അവരുടെ മുന്നിൽ അയിത്തജാതിക്കാരൻ അയിത്തജാതിക്കാരൻ തന്നെയാണ്. മതവിഭജനം നോക്കിയിട്ടോ ജാതി ഉപജാതി നോക്കിയിട്ടോ അല്ല ദളിതർക്കെതിരെയുള്ള ആക്രമണങ്ങൾ നടക്കുന്നത്. ഈ വസ്തുത മനസ്സിലാക്കുവാൻ ദളിതരിലെ ജാതി സംഘടനകൾക്ക് കഴിയുന്നില്ല. ക്രൈസ്തവർക്കിടയിലെ ദളിതൻെറ ശവംപോലും സെമിത്തേരികളിൽ നിന്ന് മാന്തിയെടുത്തു ദൂരെയെറിയുന്ന അനുഭവങ്ങളായിരുന്നു കുറവിലങ്ങാട്ടുണ്ടായത്. സഭയിലെ സവർണമേധാവികൾക്കെതിരായി സമരം ചെയ്യുവാനും, വൈദികനാകാനുള്ള അവകാശങ്ങൾക്കും, ജാതി നശിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രക്ഷോഭണമായി ദളിത് സമരങ്ങൾ മാറിത്തീരണമെന്നും യോഗത്തിൽ സംസാരിച്ചവർ വ്യക്തമാക്കി. പട്ടികജാതിലിസ്റ്റിൽ എങ്ങനെയെങ്കിലും കടന്നുകൂടുന്നതിൻെറ പ്രശ്നമല്ല. നിലനിൽക്കുന്ന ജാതി സംവരണം പോലും നിറുത്തുകയും, IMF, ലോകബാങ്ക് തുടങ്ങിയവരുടെ തീരുമാനപ്രകാരം പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചുപൂട്ടിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സ്വകാര്യവൽക്കരണത്തെ എതിർക്കുവാൻ ദളിത് ക്രൈസ്തവൻെറ ബാദ്ധ്യതയാണ്. സംവരണം ജനസംഖ്യാനുപാതികമായി ഉയർത്തണമെന്ന ആവശ്യത്തിൻെറ ഭാഗമായിട്ടായിരിക്കണം പട്ടികജാതി ലിസ്റ്റിൽ ദളിത്ക്രൈസ്തവരെ ഉൾപ്പെടുത്തേണ്ടതെന്നു നേതാക്കൾ സംസാരിച്ചു. സംവരണപ്രശ്നത്തിൽ ദളിതരെ ഉപയോഗിക്കുവാൻ സവർണർക്ക് അവസരം കൊടുക്കരുതെന്ന് ഓർമ്മിപ്പിച്ചു. കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് ബ്രദർ ജോർജ്ജ് മാത്യു, ബൈബിൾ എടുക്കുന്ന കൈകൊണ്ട് മുഷ്ടിചുരുട്ടാനും ദളിതർക്കറിയാമെന്നും ഇനി, ആവർത്തിച്ചാൽ പകരം വീട്ടുമെന്നും പ്രഖ്യാപിച്ചു. അദ്ദേഹം വിപ്ളവാഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ടാണ് തൻെറ പ്രസംഗം നിറുത്തിയത്.

ദളിത് ക്രിസ്ത്യനികളെ മർദ്ദിച്ചവരെ കണ്ടുപിടിക്കുന്നതിനുവേണ്ടി ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് പ്രമേയാവതാരകൻ പാസ്റ്റർ എൻ.കെ. വർഗീസ് പറഞ്ഞു. ■

യാസർ അറാഫത്തിന്റെ കീഴടങ്ങൽച്ചടങ്ങ്

വെള്ളമാളികയുടെ പുൽത്തകിടിയിൽ മരിച്ചുവീണതെന്താണ് ?

വിപ്ളവ സാർവ്വദേശീയ പ്രസ്താവന

സെപ്തമ്പർ 12നു മുഴുവൻ ലോകത്തിനും അനുഭവവേദ്യമായത് വെള്ളമാളികയുടെ പുൽത്തകിടിയിൽ നടന്ന യാസർ അറാഫത്തിന്റെ കീഴടങ്ങൽച്ചടങ്ങാണ്. പാലസ്തീൻകാരുടെ പ്രതികരണം വളരെ പെട്ടന്നായിരുന്നു. പാലസ്തീനിൽ അങ്ങോളമിങ്ങോളമുള്ള അഭയാർത്ഥികളുടേയും പാലസ്തീനിയൻ ജനങ്ങളുടെ സുഹൃത്തുക്കളുടേയും ഇടയിൽ കോപവും വഞ്ചിക്കപ്പെട്ടു എന്നൊരു ബോധവും അലയടിച്ചുയരുകയായിരുന്നു.

ഈ പുതിയ കീഴടങ്ങൽ കരാറിനോട് വിപ്ളവ സാർവ്വദേശീയ പ്രസ്ഥാനത്തിന്റെ കമ്മറ്റി അതിന്റെ ഉറച്ചതും പൂർണ്ണവുമായ എതിർപ്പിനെ അറിയിക്കുകയും, പാലസ്തീനിയൻ ജനതക്ക് പാലസ്തീനിന്റെ മുഴുവൻ ഭൂപരപ്പിലും ഒരു ജനാധിപത്യ മതേതര ഭരണകൂടം സ്ഥാപിക്കുന്നതിനുള്ള അവരുടെ തുടർന്നുള്ള സമരത്തിന് പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ഇസ്രേലിനും പി. എൽ. ഓയിന്നും ഇടയിലുണ്ടായ കരാർ ഒപ്പുവെപ്പ്, പാലസ്തീൻ ജനങ്ങളുടെ നീണ്ടസമരത്തെ അവസാനിപ്പിച്ചുവെന്നും, പാലസ്തീനിന്റെ മണ്ണിൽ ഇസ്രേലിന്റെ നിലനിൽപ്പിനുള്ള വ്യക്തമായൊരു അംഗീകരണമാണെന്നും യു. എസ്. സാമ്രാജ്യവാദികളും ഇസ്രേൽ സിയോണിസ്റ്റുകളും ആഹ്ളാദത്തിമിർപ്പോടെ പ്രഖ്യാപിക്കുന്നു. ഈ കീഴടങ്ങൽ കരാർ, സാമ്രാജ്യവാദികളുടേയും അവരുടെ വിശ്വസ്ത വീട്ടുനായ്ക്കളുടേയും ഈ മേഘലയിലെ ദശകങ്ങൾ നീണ്ടുനിന്ന ആക്രമണത്തിന്നും, പിടിച്ചെടുത്ത് കൈവശം വെക്കലിന്നും, അടിച്ചമർത്തലിന്നും, ധിക്കാരത്തിന്നും ഉള്ള പാരിതോഷികമായി അവർ പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നു.

അതേ സമയംതന്നെ, സാമ്രാജ്യത്വത്തിന്റേയും സിയോണിസത്തിന്റേയും സേവനത്തിനുള്ള ഒരു ജനമർദ്ദകനായ പോലീസ്സിന്റെ പുത്തൻ പങ്കുവഹിക്കാൻ ഈ പിന്തിരിപ്പൻ ശക്തികൾ പി. എൽ. ഓവിനോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയുമാണ്.

ആയിരങ്ങൾ ജീവൻ ബലിയർപ്പിച്ചുകൊണ്ട് നടത്തിയ ധീരോദാത്തമായൊരു സമരം എങ്ങിനെ വഞ്ചനയിൽ കലാശിച്ചെന്ന് നിരവധി പാലസ്തീനുകാർ മനസ്സിലാക്കാൻ ബദ്ധപ്പെട്ടുശ്രമിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങളുടെ സമരവുമായി ഒന്നുചേർന്ന പി. എൽ. ഓ. യെപ്പോലൊരു സംഘടനക്ക് എങ്ങിനെയാണ് ഇസ്രേൽ പിന്തുണയുള്ള ഒരു പടയെപ്പോലെ ആകാൻ കഴിഞ്ഞത്.?

യഥാർത്ഥത്തിൽ, കുപ്രസിദ്ധമായ മാഡ്രിഡ് ഗൂഢാലോചന രൂപപ്പെടുന്നതിന്ന് എത്രയോമുമ്പ്, എന്തിന്ന് ഗൾഫ്യുദ്ധത്തിന്നൊ ഇസ്രേൽ ഭരണകൂടത്തെ 1988ൽ അറാഫത്ത് അംഗീകരിക്കുന്നതിന്നൊ, എത്രയോമുമ്പ്തന്നെ ഈ വഞ്ചനക്ക് രൂപംനൽകപ്പെട്ടിരുന്നു.

കഴിഞ്ഞ രണ്ട് ദശകങ്ങളായി, പാലസ്തീനിയൻ നേതൃത്വം, സാമ്രാജ്യത്വ ശക്തികൾ അടിച്ചേൽപ്പിച്ചിട്ടുള്ള മദ്ധ്യപൗരസ്ത്യ പ്രദേശത്തെ "യാഥാർത്ഥ്യങ്ങ"ളുമായി പാലസ്തീനിയൻജനങ്ങളുടെ സമരത്തെ അനുരഞ്ജിപ്പിക്കാനുള്ള ചില മാർഗ്ഗങ്ങൾ അന്വേഷിക്കുകയായിരുന്നു. വെസ്റ്റ് ബാങ്കിലും, ഗാസായിലും പാലസ്തീൻകാർക്ക് "മിനി ഭരണകൂട"ത്തിനുള്ള പദ്ധതി എന്നപേരിലാണ് ഈ മാർഗ്ഗം അറിയപ്പെട്ടിരുന്നത്. ഇത് പ്രത്യേകിച്ചും സോവിയറ്റ് യൂണിയനും അതിനോട്ചേർന്നു നിന്നിരുന്ന അറബ്- പലസ്തീനിയൻ ശക്തികളും അംഗീകരിക്കുകയുണ്ടായി. സാമ്രാജ്യത്വവും സിയോണിസവുമായി പാലസ്തീ

നിയൻ ജനങ്ങളുടെ ന്യായമായ ദേശീയ അഭിലാഷങ്ങളെ അനുരഞ്ജിപ്പിക്കാനുള്ള സ്വപ്നം സാക്ഷാൽക്കരിക്കുവാൻ അന്നും ഇന്നും ഒരുപോലെ കഴിഞ്ഞിരുന്നില്ല. മദ്ധ്യപൂർവ്വദേശത്ത് സാമ്രാജ്യത്വ ആധിപത്യത്തിനുള്ള അച്ചാണി, പാലസ്തീനിയൻ ജനങ്ങളെ ഇറക്കിവിടലും പാശ്ചാത്യാനുകൂല സൈനിക ഔട്ട്പ്പോസ്റ്റായി ഇസ്രേലിനെ സ്ഥാപിക്കലുമാണ്, എന്നതുതന്നെ കാരണം.

ഇത്തരം ഒരു മിനിഭരണകൂടത്തിൽ പാലസ്തീൻകാരുടെ പങ്കെന്തായിരിക്കണം, പ്രത്യേകിച്ചും, ജനങ്ങളെ ചൂഷണംചെയ്യുന്നതിനുള്ള അവകാശത്തിൽ പാലസ്തീനിലെ ചെറിയൊരു വിഭാഗംവരുന്ന മേലാളവർഗ്ഗത്തിനുള്ള പങ്ക് കൊടുക്കണോ, എങ്കിൽ എങ്ങിനെ, എന്നകാര്യത്തിൽ വ്യത്യസ്ത പാലസ്തീൻ നേതാക്കൾക്കും മനോഭാവങ്ങൾക്കും, സാമ്രാജ്യത്വശക്തികൾക്കും പിന്തിരിപ്പൻമാർക്കും, ഇടയിലെ ശക്തികൾക്കും തമ്മിൽത്തന്നെ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നു. തമ്മിലടിക്കുന്ന കിഴക്കൻ ചേരിയും പടിഞ്ഞാറൻ ചേരിയുമെന്ന നിലയിൽ സാമ്രാജ്യത്വഭരണകൂടങ്ങൾതന്നെ സ്വയം കണിശമായും വേർതിരിഞ്ഞു നിൽക്കുന്നിടത്തോളം കാലം, സ്ഥാപിച്ചെടുക്കുന്നതിനും, ജനങ്ങളെ കഴുത്തിൽപ്പിടിച്ച് പുറത്താക്കുന്നതിനുമെന്ന് പറയപ്പെടുന്ന "സമഗ്രമായൊരു സമാധാനപദ്ധതി" അസാദ്ധ്യമായിരുന്നു. സോവിയറ്റ് യൂണിയൻ തകർന്നടിയുകയും ഗൾഫ് യുദ്ധത്തിൻെറ ശിക്ഷാമാതൃകകൾ പൂർത്തീകരിക്കപ്പെടുകയും ചെയ്തതോടുകൂടി, തീർച്ചയായും പാലസ്തീനിയൻ ജനങ്ങളുടെ ന്യായമായ അവകാശങ്ങളെ ബലികഴിച്ചുകൊണ്ട് മദ്ധ്യപൂർവ്വസ്ത്യപ്രദേശത്ത് ഒരു "പാക്സ് അമേരിക്കാനോ"[1] അടിച്ചേൽപ്പിക്കാൻ അന്തിമമായി സാദ്ധ്യമാണെന്ന് ഇപ്പോൾ ഐക്യനാടുകൾ കരുതുന്നു.

കഴിഞ്ഞ കാലങ്ങളിൽ യാസർ അറാഫത്തുമായി കക്ഷിചേർന്ന നിരവധി ശക്തികൾ ഇന്ന് അയാളുടെ വഞ്ചനയെ ശക്തിപൂർവ്വം അപലപിക്കുന്നു. എന്നാൽ, ഇസ്രേൽ-പി. എൽ. ഓ കരാറിനെപ്പറ്റിയല്ല അവർ പ്രധാന വിമർശനം നടത്തുന്നത്. മറിച്ച് കൃത്യമായും കരാറിലെ അപമാനകരമായ വ്യവസ്ഥകൾക്ക്നേരെയാണ്. ചിലർ പറയുന്നത്: ഇസ്രേലിനെതിരായ സമരത്തെ കൈയൊഴിയുന്നത്, ദശലക്ഷക്കണക്കിന് പാലസ്തീൻകാരുടെ അടിസ്ഥാന അവകാശങ്ങളിൽ മിക്കതും കൈയൊഴിയുന്നത്, ഈ മേഘലയിലെ സാമ്രാജ്യത്വ തമ്പുരാക്കൻമാരുമായി ഒരു കരാറിൽ എത്തുന്നത് ഫലത്തിൽ, ചുരുക്കിപ്പറഞ്ഞാൽ ഒരുവിൽപ്പനയാണ്; വിലന്യായമാണെങ്കിൽ ഇതംഗീകരിക്കാമായിരുന്നു എന്നാണ്. ചില ഇസ്ലാംശക്തികൾ പാലസ്തീനിൻെറ പൂർണ്ണമായ വിമോചനത്തിനുവേണ്ടി പൊരുതുന്നുവെന്ന് അവകാശപ്പെടുകയും, എന്നാൽ സിയോണിസ്റ്റ് ഭരണകൂടത്തിനു പിന്നിലുള്ള സാമ്രാജ്യത്വ ശക്തികളെ ഒന്നും പറയാതിരിക്കുകയും ഫലത്തിൽ ഈ മേഘലയിലെ പിന്തിരിപ്പൻ ഭരണകൂടങ്ങളുടെ സഹായം തേടുകയും ചെയ്യുന്നു.

ഇത്തരം ന്യായവാദങ്ങളൊന്നുംതന്നെ വിപ്ളവ കമ്മ്യൂണിസ്റ്റ് ശക്തികൾക്ക് സ്വീകാര്യമല്ല. സാമ്രാജ്യത്വത്തിനും എല്ലാ പിന്തിരിപ്പൻമാർക്കുമെതിരായ ലോകവ്യാപകമായ ഒട്ടുമൊത്തത്തിലുള്ള സമരത്തിൽനിന്ന് തങ്ങളുടെ ദേശീയ വിമോചനത്തിനുള്ള പാലസ്തീൻ ജനങ്ങളുടെ സമരത്തെ പിന്തിരിപ്പിക്കുക സാദ്ധ്യമല്ല. അത്തരമൊരു വിഭജനത്തിനുള്ള ഏതൊരു ശ്രമവും ഇന്ന് അറാഫത്ത് പ്രതിനിധീകരിക്കുന്നതുപോലുള്ള ലജ്ജാകരമായ അപമാനത്തിലേക്കും വഞ്ചനയിലേക്കും നയിക്കുകമാത്രമെ ചെയ്യൂ.

സാമ്രാജ്യത്വത്തിനും പിന്തിരിപ്പൻമാർക്കും എതിരായ സാർവ്വദേശീയ സമരത്തിലെ മാരകമായ ഒരു പ്രഹരശക്തി ആയിരുന്നു എന്ന വസ്തുതയിൽനിന്നാണ് പാലസ്തീൻ ജനങ്ങളുടെ സമരത്തിൻെറ മഹത്തായ ശക്തിയും, ഈ സമരത്തിന് ലോകത്തെങ്ങുമുള്ള വിപ്ളവകാരികളും പുരോഗമനകാരികളുമായ ജനങ്ങളുടെ പിന്തുണയും ലഭിച്ചത്. ഇന്ന്, തെരുവുകളിൽ അറാഫത്ത് പോലീസ്പണി എടുക്കുകയും സാമ്രാജ്യത്വവാദികളോടും സിയൊണിസ്റ്റ്കളോടും പാത്രം നിറയെ സൂപ്പിനുവേണ്ടി ഇരക്കുകയും ചെയ്യുമ്പോൾ, ഈ അന്തസ്സുറ്റ പൈതൃകത്തിന്നേരെ പിന്തിരിയണമെന്ന് അയാൾ പാലസ്തീൻ ജനങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

പക്ഷേ, മറ്റുള്ളവർ തങ്ങളുടെ മേൽ ചവിട്ടിമെതിക്കുമ്പോൾ പാലസ്തീൻ ജനങ്ങൾക്ക് മെരുങ്ങിയും മൂകമായും നിൽക്കാൻ സാധ്യമല്ല, നിൽക്കുകയുമില്ല. മാവൊസെതുങ്ങ് വ്യക്തമാക്കിയതുപോലെ : "എവിടെയെല്ലാം അടിച്ചമർത്തലുണ്ടോ, അവിടെ ചെറുത്തുനിൽപ്പുണ്ടാകും".

സി.ആർ.സി.
രേഖയുടെ തുടർച്ച
ഡോ. അംബേദ്ക്കറെ സംബന്ധിച്ചത്

അടുത്തലക്കത്തിൽ പ്രസിദ്ധീകരിക്കുന്നു

–പ. സ.

ഏറ്റവും പുതിയ ഇന്നത്തെ കീഴടങ്ങലും, അടിച്ചമർത്തലുകളുടെ പുതിയ രൂപങ്ങൾ ഏതൊക്കെ ആയാലും അതിന്റെയൊക്കെ ഫലമായി ഒരു പുതിയവട്ടം ചെറുത്ത് നിൽപ്പിലേക്ക് എത്തിക്കുകതന്നെ ചെയ്യും.

ഇന്ന് പാലസ്തീനിയൻ ജനങ്ങൾക്ക് അറാഫത്തിന്റെ കീഴടങ്ങലിനെ പരാജയപ്പെടുത്തേണ്ട കടമയാണുള്ളത്. പക്ഷേ, പാലസ്തീൻ വിപ്ളവ സഖാക്കളെ സംബന്ധിച്ചിടത്തോളം നിരവധി ദശകത്തെ സമരങ്ങളിൽനിന്നും അതേപോലെതന്നെ വഞ്ചനകളുടെ പരമ്പരകളിൽനിന്നും ശരിയായ വിലയിരുത്തലിൽ എത്തുക എന്നത് പ്രധാനമാണ്. വിപ്ളവകാരികളുടെയല്ല മറിച്ച് സാമ്രാജ്യത്വ ഭരണകൂടങ്ങളുടെ (യു. എസിന്റെയും മുൻ സോവിയറ്റ് യൂണിയന്റെ)യും രക്തപങ്കിലമായ അറബ് ഭരണവൃത്തങ്ങളുടേയും സൗഹൃദത്തിനും പിന്തുണക്കുംവേണ്ടി അന്വേഷിച്ച അറാഫത്തിന്റെയും മറ്റുള്ളവരുടേയും വഞ്ചനാപരമായ പെരുമാറ്റം കാരണം പാലസ്തീനിയൻ ജനങ്ങളുടെ സമരത്തിനും ലോകവിപ്ളവ പ്രക്രിയക്കും ഇടയിലുള്ളബന്ധം കാര്യമായി വഷളായിരിക്കുകയാണ്. ഇത്തരം നേതൃത്വം ചൂഷകരുടെ ന്യൂനപക്ഷത്തെ അടിസ്ഥാനമാക്കിയുള്ളവയാണ്, അങ്ങിനെ അതിന്റെ വർഗ്ഗസ്വഭാവം കാന്തത്തിലേക്കെന്നപോലെ കീഴടങ്ങലിലേക്കും വഞ്ചനയിലേക്കും ആകർഷിക്കപ്പെടാൻവഴി ഒരുക്കുന്നതാണ്.

പാലസ്തീൻ വിപ്ളവകാരികളെ സംബന്ധിച്ചിടത്തോളം ഒരു യഥാർത്ഥ മാർക്സിസ്റ്റ്-ലെനിനിസ്റ്റ്-മാവൊയിസ്റ്റ്പാർട്ടി കെട്ടിപ്പടുക്കുന്നതിനുള്ള സമയം അതിക്രമിച്ചിരിക്കുകയാണ്. സാമ്രാജ്യത്വവാദികളുടേയും പിന്തിരിപ്പൻമാരുടേയും ഭീഷണിക്കും കോഴക്കും എതിരായി പ്രത്യയശാസ്ത്രപരമായും, രാഷ്ട്രീയമായും, സംഘടനാപരമായും ഉറച്ച് നിൽക്കാൻ അത്തരമൊരു പാർട്ടിക്കുമാത്രമേ സാദ്ധ്യമാകൂ. പാലസ്തീൻ ജനങ്ങളുടെ സമരത്തെ, ലോകത്തെമ്പാടുമുള്ള തൊഴിലാളിവർഗ്ഗത്തേയും മർദ്ദിതരേയും ഐക്യപ്പെടുത്തുന്ന ലോകവ്യാപകമായ ചങ്ങലയിലെ ഒരു സുപ്രധാന കണ്ണിയാക്കി 'മാറ്റാൻ അത്തരമൊരു പാർട്ടിക്കുമാത്രമേ കഴിയുകയുള്ളു. അത്തരം ഒരു പാർട്ടിക്കുമാത്രമേ, ലോകതൊഴിലാളിവർഗ്ഗ വിപ്ളവത്തിന്റെ ഭാഗമെന്നനിലക്ക് യഥാർത്ഥ ദേശീയവിമോചനത്തിനുവേണ്ടിയുള്ള നീണ്ടതും കഠിനവുമായ സമരത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ വിശാലമായ ബഹുജനങ്ങളെ നയിക്കാൻ കഴിയൂ.

മാവോയിസ്റ്റ് മാർഗ്ഗം "അയഥാർത്ഥ"മാണെന്ന് കീഴടങ്ങൽവാദികൾ അവകാശപ്പെടുന്നു. എന്നാൽ, ഞങ്ങൾ മുമ്പ്പറഞ്ഞതുപോലെ, യഥാർത്ഥത്തിൽ അയഥാർത്ഥമായിട്ടുള്ളത് സാമ്രാജ്യത്വവാദികളിൽനിന്നും സിയോണിസ്റ്റുകളിൽനിന്നും എന്നന്നേക്കുമായി പാലസ്തീൻ ജനതക്ക് നീതി ലഭിക്കുമെന്ന പ്രതീക്ഷയാണ്. കീഴടങ്ങൽവാദികൾ പറയുന്നത് ഞങ്ങൾ യുദ്ധത്തെ ആഗ്രഹിക്കുന്നു സമാധാനത്തിനില്ല എന്നാണ്. എന്നാൽ സാമ്രാജ്യത്വവാദികളും അവരുടെ ഇസ്രേലി ഗുണ്ടകളും ജനങ്ങൾക്ക് നേരെ നിന്ദ്യമായി പെരുമാറുന്നിടത്തോളംകാലം ഈ മേഖലയിൽ ഒരിക്കലും സമാധാനമുണ്ടാകാൻ പോകുന്നില്ല എന്ന് ഞങ്ങൾക്കറിയാം. കീഴടങ്ങൽവാദികൾ പറയുന്നത് ഇത് നിർമ്മാണത്തിന്റെ സമയമാണെന്നാണ്. പക്ഷേ, മാവോ, ഞങ്ങളെ പഠിപ്പിച്ചതുപോലെ, സംഹാരമില്ലാതെ സൃഷ്ടി ഇല്ല ശോഭനമയ ചുകപ്പ് പാലസ്തീൻ, തൊഴിലാളിവർഗ്ഗത്തിന്റെയും ജനങ്ങളുടേയും ഒരു പാലസ്തീൻ, സാമ്രാജ്യത്വത്തിന്റെയും സിയോണിസത്തിന്റെയും ചാമ്പലിന് മീതെമാത്രമേ പടുത്തുയർത്താൻ കഴിയു എന്ന് ഞങ്ങൾക്കറിയാം.

പാലസ്തീൻ ജനതക്ക് ഈ വിഷമഘട്ടത്തിൽ വിപ്ളവസാർവ്വദേശീയ പ്രസ്ഥാനത്തിന്റെ പിന്തുണ ഞങ്ങൾ വാഗ്ദാനംചെയ്യുന്നു. ജനങ്ങൾക്കുമേലുള്ള ഈ പുതിയ ആക്രമണത്തെ സാമ്രാജ്യത്വത്തിന്റെയും പിന്തിരിപ്പൻമാരുടേയും ശവപ്പെട്ടിക്കുമേലുള്ള മറ്റൊരു ആണിയാക്കി പരിവർത്തനപ്പെടുത്താൻ സമരത്തിലൂടെ കഴിയുന്നതാണ്. ഇസ്രേൽ- പി. എൽ. ഓ ഉടമ്പടി ഒപ്പുവെച്ചതോടെ പാലസ്തീൻ ജനതയുടെ വിപ്ളവ പോരാട്ടം മരിച്ചതായി കീഴടങ്ങൽവാദികൾ പ്രഖ്യാപിക്കുന്നു. പക്ഷെ, വെള്ളമാളികയുടെ പുൽത്തകിടിയിൽമരിച്ചുവിണതു പാലസ്തീൻ ജനതയുടെ ന്യായമായ ആവശ്യങ്ങളെ സാമ്രാജ്യത്വവും സിയോണിസവുമായി അനുരഞ്ജിപ്പിക്കുന്ന ഒരു "ന്യായമായ കരാറിനെ" സംബന്ധിച്ച ഭ്രമം മാത്രമാണ്.

വിപ്ളവസാർവ്വദേശീയ പ്രസ്ഥാന കമ്മറ്റി
1993 സെപ്തമ്പർ 14.

1. 'പാക്സ്' റോമനോ, റോമാസാമ്രാജ്യത്തിന്നകത്തെ നാടുകളുടെമേൽ അടിച്ചേൽപ്പിച്ച റോമിന്റെ സമാധാനപദ്ധതി എന്ന പ്രയോഗം ആധാരമാക്കിയുള്ളത്. പ

ഒരു ഡയറിക്കുറിപ്പ്

വ്യവസ്ഥാപിത ഭരണയന്ത്രത്തെ ഉപയോഗിക്കലും രക്തത്തിൻെറ മണമുള്ള പാഠവും

1934 സ്പെയിനിൽ തിരഞ്ഞെടുക്കപ്പെട്ട റിപ്പബ്ളിക്കൻ ഭരണം ആദ്യമായി അധികാരത്തിൽവന്നു. യാദൃശ്ചികമായി ഒത്തിണങ്ങിയ ഒരു ചരിത്ര മുഹൂർത്തത്തിലായിരുന്നു അത് സംഭവിച്ചത്. റിപ്പബ്ളിക്കിൻെറ ഖ്യാതിയിൽ വിറളിപൂണ്ട പാശ്ചാത്യ മുതലാളിത്ത ശക്തികൾ റിപ്പബ്ളിക്കിനെതിരെ ഉപജാപങ്ങൾ ആരംഭിച്ചു. ജനറൽ ഫ്രാങ്കോ റിപ്പബ്ളിക്കിനെതിരെ കലാപവും. രണ്ടിനുമിടയിൽ പിടിച്ചുനിൽക്കാൻ കഴിയാതെ റിപ്പബ്ളിക്ക് ആടിഉലഞ്ഞു. അതിനെ നിലനിറുത്തി സംരക്ഷിക്കേണ്ടത് ജനാധിപത്യ-വിപ്ളവ ശക്തികളുടെ കടമയായിത്തീർന്നു. വൈകാതെതന്നെ സഖാവ് സ്റ്റാലിൻെറ ആഹ്വാനത്തിൻെറ അടിസ്ഥാനത്തിൽ ഒരു ' ഇൻറർനേഷണൽ ബ്രിഗേഡ് രൂപംകൊണ്ടു.

ഡോക്ടർ നോർമ്മൻ ബത്യൂണെ മുതൽ ഇങ്ങ് നെഹ്രുവും മോഹൻകുമാരമംഗലംവരെയുള്ള ചോരത്തുടുപ്പുള്ള യുവാക്കൾ ബ്രിഗേഡിൽ അംഗങ്ങളായി. ലോകത്തെമ്പാടുനിന്നും നല്ലൊരു യുവശക്തിതന്നെ സ്പെയിനിലേക്കൊഴുകിയെങ്കിലും പുറത്ത് നിന്നുള്ള ശക്തികൾക്ക് റിപ്പബ്ളിക്കിനെ സംരക്ഷിക്കാനായില്ല. റിപ്പബ്ളിക്ക് നിലംപതിച്ചു. ജനറൽ ഫ്രാങ്കോ എന്ന സ്വേച്ഛാധിപതി രക്തപ്പുഴയൊഴുക്കിക്കൊണ്ട് 1939ൽ അധികാരത്തിൽകയറി. സ്പെയിൻ കമ്മ്യൂണിസ്റ്റ്പാർട്ടി നിരോധിക്കപ്പെട്ടു. പുരോഗമനവാദികളും, ജനാധിപത്യവാദികളും ജയിലിലടക്കപ്പെട്ടു. ആയിരക്കണക്കിന് കമ്മ്യൂണിസ്റ്റ്കൾക്ക് ജീവത്യാഗം ചെയ്യേണ്ടിവന്നു. ഫ്രാങ്കോ സൈനികസ്വേച്ഛാധിപത്യഭരണം മൂന്ന് ദശാബ്ദത്തിലധികക്കാലം അതിൻെറ കങ്കാളനൃത്തം തുടർന്നു. വിപുലമായ ജനകീയ അടിത്തറയും ലോകപിന്തുണയും ഉണ്ടായിരുന്നിട്ടും റിപ്പബ്ളിക്കിന് സ്വന്തമായൊരു സൈന്യമില്ലാതിരുന്നതുകൊണ്ടുതന്നെ ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ക്ഷണിക ജീവിതംകൊണ്ട് ഒടുങ്ങേണ്ടിയുംവന്നു.

1939-45 രണ്ടാംലോകയുദ്ധകാലത്ത് ഫ്രഞ്ച്- ഇറ്റാലിയൻ കമ്മ്യൂണിസ്റ്റുകൾ ഹിറ്റ്ലർ ഫാസിസത്തിന്നും മുസോളനിക്കുമെതിരെ രക്തംചീന്തിയ ദേശഭക്ത പോരാട്ടങ്ങളിലേർപ്പെട്ടു. അന്ന് ഫാസിസത്തിനെതിരായ ജനാധിപത്യ-സോഷ്യലിസ്റ്റ് ശക്തികളുടെ വിജയത്തിലെ ഒരു പ്രധാന ഘടകമായി അവർമാറി. ഈ പോരാട്ടത്തിൽ നേടിയ അളവറ്റ ജനപിന്തുണയും അന്തസ്സും ഇവർ പിന്നീട് പാർലമെൻററി വിനോദത്തിൽ ദൂർത്തടിച്ചു നശിപ്പിക്കുകയായിരുന്നു. മാർക്സിൻേറയും ലെനിൻേറയും ഭരണകൂടസിദ്ധാന്തം തെറ്റാണെന്ന സൈദ്ധാന്തിക നിഗമനംവരെ ഈ രണ്ട് കമ്മ്യൂണിസ്റ്റ്പാർട്ടികളും ഉയർത്തി. ഒരു കാലത്ത് വളരെ നിർണായകശക്തികളായിരുന്ന ഈ രണ്ടുപാർട്ടികളും ഇന്ന് ഫ്രാൻസിലോ ഇറ്റലിയിലൊ ഒന്നുമല്ലാതായിരിക്കുകയാണ്.

1946-48 ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകൾ തെലുങ്കാനാ മുതൽ പുന്നപ്രവയലാർവരെയുള്ള വിപ്ളവസമരങ്ങൾക്ക് നേതൃത്വംനൽകി. രാഷ്ട്രീയാധികാരം ഈ സമരങ്ങളുടെയൊന്നും പ്രഖ്യാപിത ലക്ഷ്യമായിരുന്നില്ലെങ്കിലും അവരുടെ നിർലോഭമായ മനുഷ്യസ്നേഹവും ത്യാഗവും ജനങ്ങളിൽ അളവറ്റ ആദരവിനേയും സ്വാധീനത്തേയും നേടിക്കൊടുത്തു. ഈ അന്തസ്സിനേയും പിന്തുണയേയും അവർ 1952 മുതൽ ബൂർഷ്വാ പാർലമെൻററി തിരഞ്ഞെടുപ്പുകൾക്കുവേണ്ടി ദുർവിനിയോഗം ചെയ്യുകയായിരുന്നു. ആന്ധ്രയിൽ പ്രധാന പ്രതിപക്ഷമായി കമ്മ്യൂണിസ്റ്റുകൾ തിരഞ്ഞെടുക്കപ്പെട്ടു. തമിഴ്നാട്ടിലും (ഇന്നത്തെ കേരളത്തിൻെറ മലബാർ പകുതി അന്ന് മദിരാശി സംസ്ഥാനത്തിലായിരുന്നു) അവർ പ്രധാന പ്രതിപക്ഷമായി. ഇതരസംസ്ഥാനങ്ങളിൽ കൂടുതൽ സീറ്റുകളും വോട്ടുകളും അവർക്ക്കിട്ടി.

1957 കേരളത്തിൽ ആദ്യത്തെ തിരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽവന്നു. ബൂർഷ്വാഭരണകൂടത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട്തന്നെ ഭൂപരിഷ്ക്കരണം വിദ്യാഭ്യാസ ബിൽ പോലുള്ള ബൂർഷ്വാപരിഷ്കരണനയങ്ങൾക്ക് രൂപംനൽകി. ഭൂസ്വാമികൾക്കും, വിദ്യാഭ്യാസ മുതലാളിമാർക്കും ഇത് പൊറുക്കാനാവാത്തതായിരുന്നു.

1959 കുപ്രസിദ്ധമായ വിമോചന സമരം പൊട്ടിപ്പുറപ്പെട്ടു. ജാതിമതശക്തികളും ജൻമിത്തവും കൈകോർത്തുപിടിച്ചു. സാമ്രാജ്യത്വ ശക്തികളും എല്ലാ ഒത്താശയും ഈ സമരത്തിന് നൽകി. സ്വന്തം ഭരണഘടനയേയും ഭരണയന്ത്രത്തേയും അവസാനമായി കൈയിലെടുത്തു. ഇ. എം. എസ്സിൻെറ നേതൃത്വത്തിലുള്ള ആദ്യത്തെ കമ്മ്യൂണിസ്റ്റു മന്ത്രിസഭ പിരിച്ചുവിടപ്പെട്ടു.

1960 ബെൽജിയം കോളനി ആയിരുന്ന കോങ്കോയിൽ കോളനിവാഴ്ചക്കെതിരായ സ്വാതന്ത്ര്യസമരം ആളിക്കത്തിയ കാലഘട്ടം. പാട്രിസ്ലുമുംബ എന്ന അദ്ധ്യാപകൻ കറുപ്പപൻമാരുടെ നേതാവായി ഉയർന്നുവന്നു. അനിഷേധ്യനായ, കളങ്കമേൽക്കാത്ത ഒരു ദേശീയവാദി. സാമ്രാജ്യത്വവിരുദ്ധൻ. ദുർബലമായ ബൽജിയത്തിന് പിടിച്ചുനിൽക്കാനായില്ല. കോങ്കോപട്ടാളത്തിലെ ഒരു ഏജണ്ടിൻെറ സഹായത്തോടെ കോങ്കോയെ വിഭജിച്ചു. അവിടെ പിടിച്ചു നിൽക്കാൻശ്രമം തുടങ്ങി. കോങ്കോയിൽ ലുമുംബ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടു. പക്ഷെ പട്ടാളം ഭരിക്കാൻ അനുവദിച്ചില്ല. ഖനനവസ്തുക്കളിൽ സമ്പുഷ്ടമായ കോങ്കോ, കോങ്കോക്കാരുടെ കൈകളിൽ സുരക്ഷിതമാകുന്നത് സാമ്രാജ്യത്വ ശക്തികൾക്ക് ഇഷ്ടമല്ല. അവരുടെ പുത്തൻ കൊളോണിയൽ ചൂഷണം തുടരണം. പ്രശ്നം ഐക്യരാഷ്ട്ര സംഘടനയിൽ എത്തി. റഷ്യയുടെ തിരുത്തൽവാദ നയങ്ങൾ ഇതിന് വളരെ സഹായകമായിരുന്നു. കോങ്കോയെ ഒരു ആഭ്യന്തര കലാപത്തിൽനിന്ന് രക്ഷിക്ക

ലായിരുന്നു പിന്നെ എല്ലാവരുടേയും ലക്ഷ്യം. ഐക്യരാഷ്ട്രസഭ, സൈന്യത്തെ കോങ്കോയിലിറക്കാൻ റഷ്യ സമ്മതിച്ചു. ജനങ്ങളും സൈന്യവും രൂക്ഷമായ ഏറ്റുമുട്ടലായിരുന്നു. അവസാനം ഐക്യരാഷ്ട്രസഭാസൈന്യത്തിൻെറ മുമ്പിൽവെച്ച് ലുമുംബ അറസ്റ്റ്ചെയ്യപ്പെട്ടു. അദ്ദേഹം നീചമായ രീതിയിൽ പരസ്യമായി കൊല്ലപ്പെട്ടു. കോങ്കോയിലെ മബൂട്ടു എന്ന പട്ടാള തലവൻതന്നെ ഭരണാധികാരിയായി വാഴിക്കപ്പെട്ടു. പിന്നീട് പല തുണ്ടുകളാക്കപ്പെട്ട് കോങ്കോ ഇപ്പോഴും മോചനത്തിനുവേണ്ടി കേഴുന്നു.

1965 ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടി (മാർക്സിസ്റ്റ്) CPIലെ ഭിന്നിപ്പിനെ തുടർന്ന് വ്യവസ്ഥാപിത തിരഞ്ഞെടുപ്പുചിഹ്നം നിഷേധിക്കപ്പെട്ട സാഹചര്യത്തിൽ പുതിയ ചിഹ്നത്തിൽ കേരളത്തിൽ തിരഞ്ഞെടുപ്പിൽ ആദ്യമായി മത്സരിച്ചു. റഷ്യൻ തിരുത്തൽവാദത്തിനെ തിരായവരാണെന്ന നാട്യം മാർക്സിസ്റ്റ്പാർട്ടിക്ക് ഒരു വിപ്ളവപരിവേഷത്തെ നേടിക്കൊടുത്തിരുന്നു. അതുകൊണ്ടുതന്നെ ആ പാർട്ടിയുടെ ബഹുഭൂരിപക്ഷ പ്രവർത്തകരും നേതാക്കളും അഖിലേന്ത്യാ അടിസ്ഥാനത്തിൽതന്നെ ജയിലിലടക്കപ്പെട്ടിരുന്ന സാഹചര്യംകൂടി ആയിരുന്നത്കൊണ്ട് കേരളാതിരഞ്ഞെടുപ്പിൽ പാർട്ടി ഇരുമ്പഴികൾക്കു പുറകിലിരുന്നു കൊണ്ടാണ് ഒറ്റക്ക് മൽസരിച്ചത്. എന്നിട്ടും ജനങ്ങൾ ഏറ്റവും കൂടുതൽ സീറ്റുകൾ ആ പാർട്ടിക്ക് നേടികൊടുത്തു. പക്ഷെ ഭരണകൂട ശക്തികൾ അവരെ മന്ത്രിസഭ രൂപികരിക്കുന്നതിൽനിന്ന് ഭരണകൂട ഘടകമായ ജയിലഴികൾകൊണ്ടുതന്നെ തടുക്കുകയാണുണ്ടായത്.

1965 ഇന്ത്യോനേഷ്യയിൽ ഡോ. സുക്കർണോ പ്രസിഡണ്ടായുള്ള ഇന്ത്യോനേഷ്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിക്ക് നിർണ്ണായക സ്വാധിനമുള്ള "നസോക്കോം" ഐക്യമുന്നണി സർക്കാർ അട്ടിമറിക്കപ്പെട്ടു. കമ്മ്യൂണിസ്റ്റുപാർട്ടിയും അതിൻെറ ശക്തമായ ബഹുജനസംഘടനകളും നിരോധിക്കപ്പെട്ടു. സർവ്വശക്തനാണെന്ന് വിശേഷിപ്പിക്കപ്പെട്ടുവന്ന സുക്കർണോ വീട്ടുതടങ്കലിലായി. തടവിൽക്കിടന്നുതന്നെ അദ്ദേഹത്തിന്ന് മരിക്കേണ്ടിയും വന്നു. കമ്മ്യൂണിസ്റ്റുപാർട്ടി സെക്രട്ടറി ഡി. എൻ. ഐദിത്തും പ്രഗൽഭനായ വിദേശകാര്യമന്ത്രി ഡോ. സുബാന്ത്രിയോവും, പ്രതിരോധമന്ത്രി സ. ഉമ്മർദാനിയും വധിക്കപ്പെട്ടു. ആയിരക്കണക്കിന് കമ്മ്യൂണിസ്റ്റുകാരും അനുഭാവികളും മറ്റ് ജനാധിപത്യ-പുരോഗമനവാദികളും കൂട്ടക്കൊലക്കു ഇരയായി. പതിനായിരക്കണക്കിനാളുകൾക്ക് കോൺസൻട്രേഷൻ ക്യാമ്പുകളിൽ വർഷങ്ങളോളം കഴിയേണ്ടി വന്നു. ഫ്രഞ്ച് കൊളോണിയൽ വാഴ്ചക്കെതിരായ സ്വാതന്ത്ര്യസമരപോരാട്ടത്തിൽ പങ്കെടുത്ത ഇന്തോനേഷ്യൻ കമ്മ്യൂണിസ്റ്റ്പാർട്ടി ഏഷ്യയിലെ വലിയ പാർട്ടിയായി വളർന്നുവന്നതായിരുന്നു. 1948ൽ ഒക്ടോബർ വിപ്ളവത്തിൻെറ മാതൃക യാന്ത്രികമായി സ്വീകരിച്ചുകൊണ്ട് ഒരു സായുധ ഉയർത്തെഴുന്നേൽപ്പിന്വേണ്ടി ശ്രമിച്ച് പരാജയപ്പെട്ടിട്ടുപിന്നീട് ഐദിത്തിൻെറ നേതൃത്വത്തിൽ തിരഞ്ഞെടുപ്പുകളിൽ പങ്കെടുക്കാൻ തീരുമാനിക്കുകയാണുണ്ടായത്. അങ്ങിനെയാണ് ഐക്യമുന്നണി സർക്കാരിൽ അംഗമാകുന്നത്. സർക്കാരിലെ സുപ്രധാനഘടകമായ കമ്മ്യൂണിസ്റ്റുപാർട്ടിക്ക് മന്ത്രസഭയിലും നിർണ്ണായക സ്ഥാനങ്ങളാണുണ്ടായിരുന്നത്. തീവ്രമായ പലപരിഷ്കരണങ്ങൾക്കുവേണ്ടിയും പാർട്ടി ആത്മാർത്ഥയോടെ ശ്രമിച്ചു. വിദേശസ്ഥാപനങ്ങൾ ഒന്നൊന്നായി ദേശസാൽക്കരിക്കപ്പെട്ടു. വിദേശനയത്തിൽ തീവ്രമായ സാമ്രാജ്യത്വവിരുദ്ധനിലപാടായിരുന്നു ഇന്തോനേഷ്യക്കുണ്ടായിരുന്നത്. അത് അമേരിക്കൻ ഉപകരണമായ യു. എൻ. ൽനിന്ന് സ്വയം പുറത്തുവരുന്നതുവരെ എത്തി. യു. എൻ. ആസ്ഥാനം അമേരിക്കയിൽനിന്നും മധ്യേഷ്യയിലേക്ക് മാറ്റണമെന്നതായിരുന്നു സുക്കർണോവിൻെറ ഒരാവശ്യം. സാമ്രാജ്യത്വ ഫ്യൂഡൽ ശക്തികൾക്ക് ഇത് സഹിക്കാവുന്നതായിരുന്നില്ല. അവർ മതതീവ്രവാദത്തെ ഇളക്കിവിട്ടു. ആത്മസംരക്ഷണത്തിന് ജനങ്ങളെസായുധരാക്കണമെന്നും പാർട്ടിക്ക് ആയുധമേന്താൻ അവകാശം വേണമെന്നുവരെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ 9ാം കോൺഗ്രസ്സ് സർക്കാരിനോടാവശ്യപ്പെട്ടു. അവസാനം സാമ്രാജ്യത്വവും ആശ്രിതശക്തികളും ഭരണകൂടത്തെ മുറുകെപ്പിടിക്കുവാൻതന്നെ തീരിമാനിച്ചു. അങ്ങിനെയാണ് 1965 ഒക്ടോബർ 30ന് സുഹാർത്തോവിൻെറ നേതൃത്വത്തിൽ നാടകീയമായ പട്ടാള അട്ടിമറി നടന്നത്. പാർട്ടിക്കും ജനങ്ങൾക്കും നിസഹായരായി നോക്കി, സഹിച്ചുനിൽക്കേണ്ടിവന്നു എന്നുമാത്രം. പാർലമെൻററി വ്യാമോഹത്തിൻെറ പേരിൽ കനത്തവില നൽകേണ്ടിവന്നിട്ടും ഇപ്പോൾപോലും പാർട്ടിയിലെ മോസ്കോ അനുകൂലവിഭാഗം നിയമവിധേയത്വത്തിനുവേണ്ടി സുഹാർത്തോവിൻെറ പിന്നാലെ ഇഴയുകയാണ്. വിപ്ളവ വിഭാഗമാകട്ടെ പാർട്ടി പുനഃസംഘടനാ പ്രവർത്തനത്തിലും സായുധ ചെറുത്തുനിൽപ്പ് പോരാട്ടങ്ങളിലുമാണെന്ന റിപ്പോർട്ടുകളുമുണ്ടായിരുന്നു.

1967 ഇന്ത്യയിൽ തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽവന്ന ഒമ്പതോളം കോൺഗ്രസ്സേതര സംസ്ഥാന മന്ത്രിസഭകൾ ഒന്നൊന്നായി അധികാരത്തിൽനിന്ന് നിഷ്ക്കാസിതരായി.

1969-70 കമ്പോഡിയയിൽ നരോദം സിഹാനുക്ക് രാജകുമാരൻെറ നേതൃത്വത്തിലുള്ള സർക്കാർ പട്ടാള അട്ടിമറിയിലൂടെ പുറത്താക്കപ്പെട്ടു. അറുപതുകളുടെ അന്ത്യത്തിൽ സിഹാനൂക്ക് രാജകുമാരൻ സാമ്രാജ്യത്വ- ജൻമിത്തശക്തികൾക്ക് ശക്തമായ സ്വാധീനമുള്ള ഭരണയന്ത്രത്തെ ഉപയോഗിച്ചുകൊണ്ടുതന്നെ സോഷ്യലിസ്റ്റുചൈനയോടും കമ്പോഡിയൻ കമ്മ്യൂണിസ്റ്റ്പാർട്ടിയോടും നല്ല ബന്ധങ്ങൾ സ്ഥാപിക്കുവാനും സാമ്രാജ്യത്വവിരുദ്ധ നിലപാടുകൾ സ്വീകരിക്കുവാനും തുടങ്ങി. അമേരിക്കൻ സാമ്രാജ്യത്വത്തിനും റഷ്യൻ സോഷ്യൽ സാമ്രാജ്യത്വത്തിനും ഇത് അസ്വസ്ഥതയുണ്ടാക്കി. പട്ടാള അട്ടിമറി അതിൻെറ പരിണിതഫലമായിരുന്നു. കമ്മ്യൂണിസ്റ്റുകളുടെ നേതൃത്വത്തിലുള്ള നീണ്ടുനിന്ന ഗറില്ല യുദ്ധം വിജയിക്കുന്നതുവരെ സിഹാനൂക്കിനു ചൈനയിൽ പ്രവാസിയായി കഴിയേണ്ടിവന്നു.

1973 റഷ്യൻ തിരുത്തൽവാദത്തോട് ആഭിമുഖ്യം പുലർത്തിയിരുന്ന ചിലിയിലെ കമ്മ്യൂണിസ്റ്റ്പാർട്ടി ചിലിയൻ യാഥാർത്ഥ്യങ്ങളോട് പ്രതികരിച്ചത് തിരഞ്ഞെടുപ്പിൽ പങ്കെടുത്തുകൊണ്ടായിരുന്നു. ഒരു പുത്തൻ കൊളോണിയൽ സാമൂഹ്യ വ്യവസ്ഥയായിരുന്നു ചിലിയുടേത്. മറ്റ് മാർഗ്ഗമൊന്നും ജനങ്ങളുടെ മുമ്പിൽ തുറന്നുകൊടുക്കാത്ത പരിതസ്ഥിതിയിൽ ജനങ്ങൾ കമ്മ്യൂണിസ്റ്റുപാർട്ടി നേതൃത്വത്തിലുള്ള ഐക്യമുന്നണിയെ തിരഞ്ഞെടുത്ത് അധികാരത്തിൽ കയറ്റി. അല്ലണ്ടെ പ്രസിഡണ്ടായുള്ള ചിലി മന്ത്രിസഭ തീവ്രമായ പല അമേരിക്കൻ വിരുദ്ധനിലപാടുകളും സ്വീകരിച്ചു. അമേരിക്കൻ സാമ്രാജ്യത്വം ഉണർന്ന് പ്രവർത്തിച്ചു. ഫലം പെന്നൊചെറ്റിൻെറ നേതൃത്വത്തിലുള്ള പട്ടാള അട്ടിമറി. കമ്മ്യൂണിസ്റ്റ്പാർട്ടി നിരോധിക്കപ്പെട്ടു. ആയിരക്കണക്കിനു കമ്മ്യൂണിസ്റ്റ്കാരും, മറ്റ് പുരോഗമന ദേശീയവാദികളും കൊല്ലപ്പെട്ടു. പ്രസിഡണ്ട് അല്ലണ്ടെ അട്ടിമറി സൈന്യവുമായി ഏറ്റുമുട്ടി മരിച്ചു.

വില 2 രൂപ

മദ്യഷാപ്പുകൾക്കെതിരെ ജനകീയരോഷം ഉയരുന്നു

കേരള സർക്കാർ അടുത്തിടെ മദ്യഷാപ്പുകൾക്കെതിരെ പ്രഖ്യാപിച്ച ദൂരപരിധിനിയമം അധികം വൈകാതെതന്നെ പഴയ അവസ്ഥയിലാക്കുവാൻ അബ്കാരി മുതലാളിമാർക്ക് സാധിച്ചിരിക്കയാണ്. കേരള രാഷ്ട്രീയത്തിൽ അബ്കാരി വിഭാഗം, എക്കാലത്തേക്കാളും വ്യത്യസ്തമായി, ഇന്ന് ഒരു സമാന്തര അധികാരശക്തിയായി വളർന്നിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് എല്ലാ അധികാരസ്ഥാപനങ്ങളേയും സാക്ഷിനിർത്തിക്കൊണ്ട് നിയമത്തെ മറികടന്ന് പൂർവ്വസ്ഥിതി സ്ഥാപിക്കുവാൻ അവർക്ക് കഴിഞ്ഞിട്ടുള്ളത്. ഇതിൻെറ ഒരു ഭാഗമായിരുന്നു എറണാകുളം ജില്ലയിലെ മണ്ണൂരിൽ സ്ഥാപിക്കപ്പെട്ട മദ്യഷാപ്പ്.

എന്നാൽ ഇതിനെതിരെ, പൊതുജനപങ്കാളിത്തത്തോടെ ജനകീയ സാംസ്കാരികസേനയെന്ന യുവജനപ്രസ്ഥാനത്തിന്, രണ്ടുമാസം നീണ്ടുനിന്ന സമരത്തിലൂടെ ഈ ഷാപ്പുപൂട്ടിക്കുവാൻ കഴിഞ്ഞിരിക്കുന്നു.

കേരളത്തിൽ സമീപനാളുകളിൽ മദ്യവിരുദ്ധസമിതിയുടെയും മറ്റും നേതൃത്വത്തിൽ കഴിയാതെയിരുന്ന ഒന്നാണ് ഇവിടെ സാധിച്ചിരിക്കുന്നത്. കഴിഞ്ഞ ആഗസ്റ്റ് 1നു ജെ. എസ്. എസിൻെറ നേതൃത്വത്തിൽ നടന്ന സമര പ്രഖ്യാപനത്തിനും തുടർന്നുള്ള പ്രവർത്തനങ്ങൾക്കും എതിരേ, നാളിതുവരെ പലഭാഗങ്ങളിലും നടന്നിട്ടുള്ള സമരങ്ങൾക്കുനേരേ എടുത്ത, അബ്കാരികളുടെ പക്ഷം പിടിച്ചുള്ള സമീപനം തന്നെയാണ് അധികാരികൾ കൈക്കൊണ്ടത്. എന്നാൽ ജെ. എസ്. എസിൻെറ രാഷ്ട്രീയദൃഢതയും ധീരമായ പ്രവർത്തനങ്ങളും സമരത്തെ ഒരു ഉയർന്ന രാഷ്ട്രീയ പ്രക്ഷോഭത്തിലേക്കാണ് നയിച്ചത്. അധികാരികളേയും മറ്റുരാഷ്ട്രീയ പ്രസ്ഥാനങ്ങളേയും സാമൂഹ്യപരമായി ഒറ്റപ്പെടുത്തിക്കൊണ്ട് സെപ്ത. 23 ന് നടത്തിയ ഹിതപരിശോധനയിലൂടെ മുഴുവൻ ജനങ്ങളുടേയും ആവശ്യം ഷാപ്പ് പൂട്ടുകയെന്നാണെന്ന് ജെ. എസ്. എസ്. തെളിയിച്ചു. ഈ പശ്ചാത്തലത്തിൽ സെപ്തം. 30ന് ജെ. എസ്. എസ് പ്രഖ്യാപിച്ച ഹർത്താൽ, അധികാരികളേയും അബ്കാരികളേയും ഷാപ്പുപൂട്ടുകയല്ലാതെ നിവൃത്തിയില്ല എന്ന സ്ഥിതിയിലേക്ക് എത്തിച്ചു എന്നാണ് 30ന് ശേഷമുള്ള മണ്ണൂരിലെ സാഹചര്യം വെളിപ്പെടുത്തുന്നത്.

ഇങ്ങനെയൊരവസ്ഥയിലേക്ക് അധികാരികളേയും അബ്കാരികളേയും എത്തിച്ചതും, മറ്റു മദ്യ വിരുദ്ധസമിതികൾക്ക് കഴിയാതിരുന്നതും, മണ്ണൂരിൽ സംഭവിച്ചതും, മദ്യവിരുദ്ധസമിതികളുടെ കേവലം ഷാപ്പുപൂട്ടുകയെന്ന ചിരകാല നിലപാടിൽനിന്നും വ്യത്യസ്ഥമായി, എങ്ങും നടമാടുന്ന സാമ്പത്തിക, സാംസ്കാരിക ജീർണതയ്ക്കെതിരേ പുതിയൊരു കേരളസൃഷ്ടിക്കായി ദേശീയനവോത്ഥാനത്തിനുവേണ്ടിയുള്ള രാഷ്ട്രീയ സമരത്തിൻെറ ഭാഗമായ സാമൂഹ്യ ഇടപെടലാണ് ഇവിടെ സംഭവിച്ചതെന്നുള്ളതുകൊണ്ടാണ്. എല്ലാ അധികാരസ്ഥാപനങ്ങളേയും പ്രതിരോധിച്ചുകൊണ്ട് സമരത്തെ അതിൻെറ അനിവാര്യമായ വിജയത്തിലെത്തിക്കുവാൻ ജെ. എസ്. എസിന് കഴിഞ്ഞതും ഇതുകൊണ്ടാണ്.

അല്ലണ്ടെ മന്ത്രിസഭയിലെ പല അംഗങ്ങളും കൊലചെയ്യപ്പെട്ടു. പലരും ജീവരക്ഷാർത്ഥം നാടുവിട്ടോടി. കമ്മ്യൂണിസ്റ്റ്പാർട്ടി ഇന്നും ചിലിയിൽ നിരോധിക്കപ്പെട്ട സംഘടനയാണ്. നിലവിലുള്ള ഭരണകൂടത്തെ ജനങ്ങൾക്ക്‌വേണ്ടി ഉപയോഗപ്പെടുത്താൻ ആത്മാർത്ഥമായി ശ്രമിച്ചതിനുള്ള രക്തച്ചുവയാർന്ന മറ്റൊരു പാഠമാണ് ചിലി.

1975 സുൽഫിക്കർ അലി ഭൂട്ടോയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ പാക്ക് പട്ടാളം അട്ടിമറിച്ചു. ഭൂട്ടോയെ ഒരു കൊലക്കേസിൽ പ്രതിയാക്കി ജയിലിൽ അടച്ചു. അവസാനം അദ്ദേഹത്തെ വധിച്ചു. ഭൂട്ടോ ഒരു കമ്മ്യൂണിസ്റ്റോ, സോഷ്യലിസ്റ്റോ ദേശീയ വിപ്ളവകാരിപോലുമോ ആയിരുന്നില്ല. പട്ടാളഭരണം പാക്കിസ്ഥാനിൽ അവസാനിച്ചാലെ പാക്കിസ്ഥാൻ രക്ഷപ്പെടൂ എന്നു കരുതി, തിരഞ്ഞെടുക്കപ്പെട്ട മന്ത്രിസഭയാണ് ഭരിക്കേണ്ടതെന്ന് വാദിച്ചു. പുതിയ പാർട്ടിയുണ്ടാക്കി പാക്കിസ്ഥാൻ പീപ്പിൾസ് പാർട്ടി. ജനങ്ങൾ അദ്ദേഹത്തെയും പാർട്ടിയേയും വൻഭൂരിപക്ഷത്തോടെ വിജയിപ്പിച്ചു. ഭൂട്ടോ മന്ത്രിസഭ ഫ്യൂഡൽ വിരുദ്ധവും സാമ്രാജ്യത്വ വിരുദ്ധവുമായ പലപരിഷ്കരണങ്ങളെപ്പറ്റിയും സംസാരിച്ചുതുടങ്ങി. വിദേശനയത്തിൽ മാവോയുടെ ചൈനയോട് ചേർന്ന്നിന്ന് റഷ്യൻ സാമൂഹ്യ സാമ്ര്യാജ്യത്വത്തിന്നും അമേരിക്കക്കും എതിരായ നിലപാടുകൾ സ്വീകരിച്ചു. ചൈനയുമായി വ്യാപാരബന്ധവും അല്ലാത്തതുമായ ബന്ധങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി. ഇതൊന്നും സാമ്രാജ്യത്വശക്തികൾക്കൊ ഫ്യൂഡൽ യാഥാസ്ഥിതികത്വത്തിന്നൊ സഹിക്കാവുന്നതല്ലല്ലോ. പീപ്പിൾസ് പാർട്ടിക്കും ഭൂട്ടോ കുടുംബത്തിനും ഇന്നും അഗ്നിപരീക്ഷണമാണ് പാക്കിസ്ഥാനിൽ നേരിടേണ്ടിവരുന്നത്.

1976 തമിഴ്നാട്ടിൽ തിരഞ്ഞെടുക്കപ്പെട്ട കരുണാനിധി മന്ത്രിസഭ കാലാവധി പൂർത്തീകരിക്കുംമുമ്പ് പിരിച്ചുവിടപ്പെട്ടു. പിന്നീട് എൻ. ടി. രാമറാവു മന്ത്രിസഭക്കും ഈ വിധിതന്നെ നേരിടേണ്ടിവന്നു.

എല്ലാം ജനാധിപത്യപരമായിത്തന്നെ!

അവസാനക്കുറിപ്പ്:

ചൂഷകവർഗ്ഗം ഒരിക്കലും ജനാധിപത്യത്തെമാനിച്ച് ഉത്തരവാദപ്പെട്ട പ്രതിപക്ഷമായി പ്രവർത്തിച്ചതായി ചരിത്രത്തിൽ ഒരിടത്തും കാണാൻ കഴിയില്ല. സ്വന്തം വർഗ്ഗതാൽപര്യവും, വർഗ്ഗനിലപാടും കൈയൊഴിയാൻ അവർ സ്വമേധയാ തയ്യാറായിട്ടുമില്ല.

"ഒരു കാര്യം പ്രത്യേകിച്ചും കമ്മ്യൂൺ തെളിയിച്ചിട്ടുണ്ട്: നിലവിലുള്ള ഭരണയന്ത്രത്തെ അങ്ങിനെത്തന്നെ പിടിച്ചെടുത്ത് സ്വന്തം ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ തൊഴിലാളിവർഗ്ഗത്തിന്ന് സാദ്ധ്യമല്ല."

"ഇത്‌വരെയുണ്ടായിട്ടുള്ളതു പോലെ ഭരണയന്ത്രത്തെ ഒരു കൈയിൽനിന്ന് മറ്റൊരു കൈയിലേക്ക് മാറ്റിയാൽപോര, അതിനെ തച്ചുടക്കണം"

കാറൽമാർക്സ്,
ഫെഡറിക്ക് എംഗൽസ്

കേരള കമ്മ്യൂണിസ്റ്റു പാർട്ടി കേന്ദ്രപ്രചരണ സമിതിക്കുവേണ്ടി എം.എൻ.രാവുണ്ണി അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
മുഖ്യപത്രാധിപർ എം.എൻ. രാവുണ്ണി, അച്ചടി ചിത്തിര, എറണാകുളം